മി. സ്പീക്കർ: ഓർഡർ... ഓർഡർ...

ചോദ്യം നമ്പർ 301, 302-മായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. മഞ്ഞളാംകുഴി അലി, 307-മായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീമതി കെ. കെ. രമ, 309-മായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എൻ. ഷംസുദ്ദീൻ, 318-മായി ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. എം. വിൻസെന്റ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. എന്നാൽ ചോദ്യം നമ്പർ 301, 302-മായി മാത്രം ക്ലബ്ബ് ചെയ്യാൻ അനുവദിക്കുന്നു. മറ്റുള്ള ക്ലബ്ബിംഗ് അനുവദിക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിക്ക് ചോദ്യം നമ്പർ 301, 302 എന്നിവ ചേർത്ത് മറുപടി പറയാവുന്നതാണ്.

## കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേട്

1(*301) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. സജീവ് ജോസഫ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ മുന്നൂറ്റി അമ്പത് കോടി രൂപയുടെ ക്രമക്കേട് നടന്നതായി പറയപ്പെടുന്ന സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സംഭവത്തിന്റെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണ സമിതി പിരിച്ചുവിട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) ക്രമക്കേട് കണ്ടെത്തിയിട്ടും ഭരണസമിതി പിരിച്ചുവിടാത്ത നടപടി കൂടുതൽ ക്രമക്കേട് നടത്താൻ സാഹചര്യമൊരുക്കിയെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വായ്പ പലിശ ഉൾപ്പെടെ 1,02,55,49,364/- (102.55 കോടി) രൂപയുടെയും വ്യാപാര സ്റ്റോക്കിലെ കുറവ് ഇനത്തിൽ 1,69,34,445.63 (1.69 കോടി) രൂപയുടെയും

കൂടി ആകെ 1,04,24,83,809.63 (104.24 കോടി) രൂപയുടെ ക്രമക്കേട് നടന്നതായി ബാങ്കിൽ നടത്തിയ സഹകരണ നിയമം 65 അന്വേഷണ റിപ്പോർട്ട് പ്രകാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി & സി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം പൂർത്തീകരിച്ച് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അതിന്റെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ബാങ്ക് ഭരണസമിതിയെ സഹകരണ നിയമം 32 പ്രകാരം നീക്കം ചെയ്തിട്ടുണ്ട്. സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്. രണ്ട് മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിനാണ് നിർദ്ദേശിച്ചിട്ടുള്ളത്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്. കൂടാതെ സർക്കാരിന്റെ 24-07-2021-ലെ സ.ഉ.(സാധാ) 451/21/സഹ. നമ്പർ ഉത്തരവിൻ പ്രകാരം ടി ബാങ്കിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സൂക്ഷ്മപരിശോധന നടത്തുന്നതിനും കൃത്യസമയത്ത് ക്രമക്കേടുകൾ കണ്ടെത്തുന്നതിൽ വകുപ്പിന്റെ ഭാഗത്തെ വീഴ്ചകൾ ഉൾപ്പെടെ അന്വേഷിക്കുന്നതിനും 9 അംഗങ്ങളടങ്ങുന്ന ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് അന്വേഷണം നടത്തി ഒരുമാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

സമിതിയുടെ ഇടക്കാല റിപ്പോർട്ട് 10 ദിവസത്തിനകം നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കുന്നതാണ്. ഈ വിഷയത്തിൽ ക്രമക്കേടുകളെക്കുറിച്ച് പോലീസ് അന്വേഷണം നടന്നുവരുന്നുണ്ട്.

(ഡി) ക്രമക്കേട് റിപ്പോർട്ട് ലഭിച്ച ഉടനെതന്നെ ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്.

## കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടുകളിലെ അന്വേഷണം

2(*302) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ വൻ തുകയുടെ ക്രമക്കേടുകൾ നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) ഇതിലെ കുറ്റക്കാർ ആരെല്ലാമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത സഹകരണ ബാങ്കിലെ നിക്ഷേപകരുടെ പണം നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

സഹകരണ - രജിസ്ട്രേഷൻ വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): സർ,

(എ) ഉണ്ട്. സഹകരണ നിയമം വകുപ്പ് 65 പ്രകാരം അന്വേഷണം നടത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 68 പ്രകാരം അന്വേഷണം നടന്നു വരുന്നു. കൂടാതെ ഗവൺമെന്റ് തലത്തിൽ ഈ വിഷയം അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിന് ഉന്നതതല സമിതിയെയും നിയോഗിച്ചിട്ടുണ്ട്. ക്രമക്കേടുകൾ സംബന്ധിച്ച് ക്രിമിനൽ ഇൻവെസ്റ്റിഗേഷനും നടന്നുവരുന്നു.

(ബി) സഹകരണ നിയമം വകുപ്പ് 65 പ്രകാരമുള്ള അന്വേഷണ റിപ്പോർട്ടിൽ ബാങ്കിന്റെ ഭരണസമിതി അംഗങ്ങളും ബാങ്ക് സെക്രട്ടറി സുനിൽകുമാർ, ബ്രാഞ്ച് മാനേജർ ബിജു, മറ്റു ജീവനക്കാരായ ജിൽസ്,

റബ്കോ കമ്മീഷൻ ഏജന്റ് ബിജോയ് എന്നിവർ കുറ്റക്കാരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 32 പ്രകാരം ഭരണസമിതിയെ പിരിച്ചുവിട്ടിട്ടുണ്ട്. കുറ്റക്കാരായ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(സി) ബാങ്കിനുണ്ടായ നഷ്ടം കുറ്റക്കാരിൽനിന്നും തിരികെ ഈടാക്കുന്നതിന് സർചാർജ് നടപടികളുടെ ഭാഗമായി സഹകരണ നിയമം വകുപ്പ് 68 പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ക്രമക്കേട് കാട്ടി അനധികൃതമായി ലോൺ നേടിയവരുടെ വസ്തുക്കൾ അറ്റാച്ച് ചെയ്ത് തുക ഈടാക്കാൻ എല്ലാവിധ നിയമനടപടിയും സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, കരുവന്നൂർ ബാങ്ക് സംഭവം ഇന്നലെ വിശദമായി ചർച്ചചെയ്തതാണ്. അത് ഗവൺമെന്റ് നേരത്തെ അറിഞ്ഞിരുന്നില്ല എന്നുപറയുന്നത് ശരിയല്ലെന്നാണ് ഇതുവരെ വന്ന വാർത്തകളിലെല്ലാം വ്യക്തമായിട്ടുള്ളത്. നിങ്ങളുടെ പാർട്ടിയിലെ പ്രശ്നങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് അത് ഒതുക്കി വച്ചിരിക്കുകയായിരുന്നു. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോഴാണ് പൊട്ടിത്തെറിച്ചത്. എന്റെ ചോദ്യം, പ്രൈമറി ബാങ്കുകൾക്ക് എന്തെങ്കിലും സാമ്പത്തിക പ്രതിസന്ധി ഉണ്ടായാൽ

സഹായിക്കാൻ ജില്ലാ സഹകരണ ബാങ്കുകളുണ്ടായിരുന്നു. പ്രതിസന്ധിയുള്ള ബാങ്കിനെ ജില്ലാ സഹകരണ ബാങ്ക് ഏറ്റെടുക്കും, അഡ്മിനിസ്ട്രേറ്ററെ നിയോഗിക്കും. അതെല്ലാം ജില്ലാ ബാങ്കിന്റെ നിയന്ത്രണത്തിലാകും. നിക്ഷേപകർക്ക് ആശങ്കയില്ലാത്ത വിധത്തിൽ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുമായിരുന്നു. എന്നാൽ ഇപ്പോൾ ജില്ലാ ബാങ്കില്ല, പകരം കേരള ബാങ്കാണ്. അത് ഷെഡ്യൂൾഡ് ബാങ്കാണ്. ഈ ഷെഡ്യൂൾഡ് ബാങ്കിന് സഹകരണ ബാങ്കുകളിൽനിന്ന് വ്യത്യസ്തമായി ഒരുപാട് നിബന്ധനകൾ ഉണ്ടെന്ന് ഞാൻ പറയേണ്ട കാര്യമില്ല. അതുകൊണ്ട് പ്രതിസന്ധിയുണ്ടാകുന്ന പ്രൈമറി ബാങ്കുകളെ സഹായിക്കാനോ നിലനിർത്താനോ ഇന്ന് ജില്ലാ ബാങ്കില്ല. കേരള ബാങ്കിന് ചില പരിമിതികളുണ്ട്. ഈ സാഹചര്യത്തിൽ നിക്ഷേപകരുടെ പണം നഷ്ടമാകില്ല എന്ന് ഉറപ്പുവരുത്താൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്? ഇത് ഒരു രാഷ്ട്രീയ പ്രശ്നമല്ലെന്ന് അങ്ങേയ്ക്ക് അറിയാമെന്ന് കരുതുന്നു. കരുവന്നൂർ ബാങ്കിന്റെ പ്രശ്നം വന്നതിനുശേഷം കേരളത്തിലെ എല്ലാ സഹകരണ ബാങ്കുകളിൽനിന്നും ഡെപ്പോസിറ്റ് പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. ഇത്

സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കുമോ; ഈ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങിവിടെ സൂചിപ്പിച്ച ഒരു പ്രൈമറി സംഘത്തിൽ ഏതെങ്കിലും സാമ്പത്തിക വിഷയം ഉണ്ടായാൽ മുമ്പ് ഡി.സി.ബി., കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്ക് എന്നിങ്ങനെ ത്രീടയർ സിസ്റ്റം നിലനിന്നിരുന്നു. ഇപ്പോൾ കേരള ബാങ്ക് നിലവിൽ വന്നു. ഷെഡ്യൂൾഡ് ബാങ്ക് ആണെങ്കിലും പ്രൈമറി സംഘത്തിന് കേരള ബാങ്കിൽ അഫിലിയേഷനുണ്ട്. ഈ കാര്യത്തിൽ വ്യക്തമായ നിക്ഷേപ ഗ്യാരന്റി സ്കീം സഹകരണ വകുപ്പ് രൂപീകരിച്ചിട്ടുണ്ട്. മുമ്പും ഇത്തരം കേസുകളിൽ സഹായം നൽകിയിട്ടുണ്ട്. കരുവന്നൂർ ബാങ്കുമായി ബന്ധപ്പെട്ട അന്വേഷണ റിപ്പോർട്ട് പൂർത്തീകരിച്ച് കിട്ടിയാലുടൻ ഈ പ്രശ്നത്തിൽ ഒരു പാക്കേജ് തന്നെയുണ്ടാക്കി നിക്ഷേപകരുടെ ആശങ്കകൾ അകറ്റാൻ സഹായിക്കുന്ന തരത്തിലുള്ള സംവിധാനം ഏർപ്പെടുത്തുമെന്ന കാര്യം വ്യക്തമായി സൂചിപ്പിക്കുകയാണ്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അനന്തപുരം സർവ്വീസ് സഹകരണ ബാങ്ക് ആർ.എസ്.എസ്.-ന്റെ നിയന്ത്രണത്തിൽ

ഉള്ളതാണെന്നാണ് പറയപ്പെടുന്നത്. എനിക്കറിഞ്ഞുകൂട..., ആ ബാങ്കിൽ.....

(....ബഹളം....)

മി. സ്പീക്കർ: അങ്ങേയ്ക്ക് ചോദ്യത്തിനുള്ള അവസരമാണ്. ചോദ്യം ചോദിക്കൂ.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, അനന്തപുരം സർവ്വീസ് സഹകരണ ബാങ്കിൽ ഒരുപാട് ക്രമക്കേടുകൾ നടത്തിയതായി പറയപ്പെടുന്നുണ്ട്. ഇതിൽ 37 ക്രമക്കേടുകൾ ചൂണ്ടിക്കാണിച്ചിരുന്നതായി പറയപ്പെടുന്നു. ഇവർ നോട്ട് നിരോധന സമയത്ത് നിരോധിക്കപ്പെട്ട നോട്ട് സ്വീകരിച്ചതായി പറയപ്പെടുന്നു. ഈകാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. ഇവിടത്തെ ബഹളം കേട്ടപ്പോൾ എനിക്കുതോന്നുന്നത് അനന്തപുരം ബാങ്കും നിങ്ങളുമായി എന്തോ ഏർപ്പാട് ഉണ്ടെന്നാണ്. (.....ബഹളം....) പരിധിയിൽ കൂടുതൽ വായ്പകൾ കൊടുക്കാൻ പാടില്ല. പക്ഷേ അങ്ങനെയൊരു പരിശോധന കൃത്യമായി നടക്കുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, ഇക്കാര്യം പരിശോധിച്ച് അറിയിക്കുന്നതാണ്.

ശ്രീ. ഷാഫി പറമ്പിൽ ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. റോജി എം. ജോൺ: സർ, കരുവന്നൂർ സർവീസ് സഹകരണ ബാങ്കുമായി ബന്ധപ്പെട്ടുകൊണ്ട് വലിയൊരു സാമ്പത്തിക തട്ടിപ്പാണ് നടന്നിരിക്കുന്നത്. നമുക്കറിയാം രാജ്യത്തെമ്പാടും വലിയ ബാങ്കുകളെ തട്ടിച്ചുകൊണ്ട് രാജ്യം വിട്ട നീരവ് മോദി, വിജയ് മല്യയെപ്പോലുള്ള ആളുകളെ തിരിച്ച് രാജ്യത്ത് കൊണ്ടുവന്ന് ജയിലിൽ അടയ്ക്കാനുള്ള നടപടികൾ നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അങ്ങനെ നിൽക്കുന്ന സാഹചര്യത്തിൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിലെ ഏകദേശം 300 കോടി രൂപയുടെ തട്ടിപ്പ് നടന്നിട്ട് കുറ്റവാളികളായ ആളുകളെ...., ഭരണസമിതിയെ പിരിച്ചു വിടുക മാത്രമാണ് ചെയ്തിട്ടുള്ളത്. ഭരണസമിതിയിലുള്ള ആളുകളുൾപ്പെടെ ഇതിന് കുറ്റക്കാരായിട്ടുള്ള ആളുകൾ, അതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർ, അതുപോലെതന്നെ കഴിഞ്ഞ കുറേ നാളുകളായി സഹകരണ വകുപ്പ് കൃത്യമായി ഇതിന്റെ ഓഡിറ്റ് നടത്തിയിട്ടുണ്ടാകും, ആ ഓഡിറ്റ് നടത്തിയ ആളുകൾക്ക് ഇതിനെ സംബന്ധിച്ച് കൃത്യമായ വിവരങ്ങൾ ഉണ്ടാകും. കാരണം ഇതൊരു സുപ്രഭാതത്തിൽ നടന്ന തട്ടിപ്പല്ല, കുറേ വർഷങ്ങളായി നടക്കുന്ന തട്ടിപ്പാണ്. ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

ഉൾപ്പെടെ ഇത്തരക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കാനും അവരെ അറസ്റ്റ് ചെയ്ത് നിയമത്തിനുമുമ്പിൽ കൊണ്ടുവരാനുമുള്ള നടപടി സർക്കാർ സ്വീകരിക്കുമോ, അങ്ങനെ അവരെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ വിശ്വാസ്യത കാത്തുസൂക്ഷിക്കുവാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും സഹകരണ മേഖലയുടെ വിശ്വാസ്യത നിലനിർത്താനാവശ്യമായ എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകും. ഒരു കാര്യം ഞാൻ ശ്രദ്ധയിൽപ്പെടുത്തുന്നു. ഈ ക്രമക്കേട് 2010-2014 കാലഘട്ടത്തിലാണ് ഏറ്റവും കൂടുതൽ ഉണ്ടായിട്ടുള്ളത്. അതിനെ സംബന്ധിച്ച് അന്വേഷണ റിപ്പോർട്ടുവരുമ്പോൾ അന്നത്തെ സഹകരണ വകുപ്പ് ഓഡിറ്റർമാരുൾപ്പെടെ 2020 വരെയുള്ള ഓഡിറ്റർമാർ ഇതിനകത്ത് കുറ്റക്കാരാണെന്ന് കണ്ടെത്തിയാൽ ആരെയും വെറുതെ വിടില്ലെന്ന കാര്യം അറിയിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ: സർ, കരുവന്നൂർ സഹകരണ ബാങ്ക് കൊള്ള ഇവിടെ സൂചിപ്പിച്ചതുപോലെ സഹകരണ സ്ഥാപനങ്ങളുടെ

വിശ്വാസ്യതയാണ് തകർക്കുന്നതിന് കാരണമാകുന്നത്. സഹകരണ ബാങ്കുകളിൽ നിലവിലുള്ള നിയമംവച്ച് ആർ.ബി.ഐ.-യുടെ കീഴിലുള്ള സ്ഥാപനങ്ങളായാലും സഹകരണ സ്ഥാപനങ്ങളായാലും രാഷ്ട്രീയ നേതൃത്വമാണ് അവിടെ അധികാരത്തിൽ വരുന്നത്. കോടിക്കണക്കിന് രൂപയാണ് അവർ കൈകാര്യം ചെയ്യുന്നത്. ഓരോ വ്യക്തിയും സാമ്പത്തികമായ സ്വത്തു വിവരങ്ങൾ പ്രഖ്യാപിക്കണമെന്ന് നിലവിൽ നിയമമുണ്ട്. ആർ.ബി.ഐ.-യുടെ കീഴിലുള്ള സ്ഥാപനങ്ങൾ അത് ചെയ്യുന്നുമുണ്ട്. പക്ഷേ നമ്മുടെ സഹകരണ സ്ഥാപനങ്ങൾ നിയമം ഉണ്ടായിട്ടും അത്തരം കാര്യങ്ങൾ ചെയ്യുന്നില്ല. ഉദ്യോഗസ്ഥർ അത് പരിശോധിക്കുന്നില്ല. കാരണം, പൊളിറ്റിക്കൽ ലീഡർഷിപ്പാണ് അവിടെയുള്ളത്. അതുകൊണ്ട് കോടിക്കണക്കിന് രൂപ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ അവരുടെ സ്വത്തുവിവരങ്ങൾ വർഷംതോറും പ്രഖ്യാപിക്കുന്ന സാഹചര്യമുണ്ടാകണം. അതോടൊപ്പംതന്നെ ഇത്തരം കൊള്ളകൾക്ക് പ്രധാനമായും കാരണമാകുന്നത് നിലവിലുള്ള സ്റ്റാഫ് സ്ട്രെങ്ത്തും പാറ്റേണും പഴയതാണ് എന്നതാണ്. ഇത്തരം കാര്യങ്ങൾ പലതും നടന്നു കഴിഞ്ഞാൽ എന്തുനടക്കുന്നു എന്നുപോലും ചോദിക്കാനുള്ള ജീവനക്കാരില്ല. ഈ

കാര്യങ്ങൾക്ക് ഒരു പൊളിച്ചെഴുത്ത് ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ടോ; സഹകരണ സ്ഥാപനങ്ങളിൽ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന വിശ്വാസ്യത നിലനിർത്താനുള്ള ക്രിയാത്മകമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും ഉണ്ടാകുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, നിശ്ചയമായും കാലോചിതമായ മാറ്റം സഹകരണ നിയമത്തിൽ വരുത്താനാവശ്യമായ നടപടികൾക്ക് തുടക്കം കുറിച്ചുകഴിഞ്ഞിട്ടുണ്ട്. ഒരു സബ് കമ്മിറ്റി രൂപീകരിച്ച് അതിന്റെ കരട് റിപ്പോർട്ട് ആയി കഴിഞ്ഞിട്ടുണ്ട്. എൽ.ഡി.എഫ്.-ലും യു.ഡി.എഫ്.-ലുംപെട്ട സഹകാരികളെ വിളിച്ച് ചർച്ച ചെയ്ത് കൃത്യമായി കുറ്റമറ്റതാക്കി ആ നിയമം ഭേദഗതി ചെയ്യും. അതോടൊപ്പംതന്നെ ജീവനക്കാരുടെ അപര്യാപ്തത സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചത് ശരിയാണ്. കാലോചിതമായി മാറ്റങ്ങൾ വരുത്താനാവശ്യമായ നടപടികൾ സ്വീകരിക്കും.

ശ്രീ. സജീവ് ജോസഫ്: സർ, കരുവന്നൂർ സഹകരണ ബാങ്കിലെ ക്രമക്കേടിനെക്കുറിച്ച് 2020-ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രിക്ക് മുൻ ബാങ്ക് മാനേജരും മുൻ ലോക്കൽ സെക്രട്ടറിയുമായ ശ്രീ. എം. വി. സുരേഷ് ഒരു ഫോൺ-ഇൻ പരിപാടിയിൽ പരാതി പറഞ്ഞിരുന്നു. ഇതിനെ

സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നോ; എന്താണ് നടപടി സ്വീകരിക്കാതിരുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് സൂചിപ്പിച്ചതുപോലെ 16-01-2019-ൽ ശ്രീ. എം. വി. സുരേഷ് പരാതി ഉന്നയിച്ചതിനെത്തുടർന്ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ഇതുസംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിരുന്നു. അക്കാര്യത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഇന്ത്യാ രാജ്യത്ത് സഹകരണ മേഖലയിൽ ഏറ്റവും മുമ്പിൽ നിൽക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. കരുവന്നൂർ സഹകരണ ബാങ്കിലെ മുന്നൂറ് കോടിരൂപയുടെ തട്ടിപ്പല്ല, കൊള്ള പലരീതിയിലാണ് നടത്തിയിട്ടുള്ളത്. ഒരു ഫിക്സഡ് ഡെപ്പോസിറ്റിന് ആദ്യത്തെ മൂന്നുമാസം പലിശ എഴുതി എടുക്കുന്നു, വീണ്ടും ആറുമാസം കഴിയുമ്പോൾ ആറുമാസത്തെ പലിശ എഴുതി എടുക്കുന്നു. ഒൻപത് മാസം കഴിയുമ്പോൾ ഒൻപത് മാസത്തെ പലിശ എഴുതി എടുക്കുന്നു. ഒരു വർഷം കഴിയുമ്പോൾ ഒരു വർഷത്തെ പലിശയും എഴുതി എടുക്കുന്നു. അങ്ങനെ ഒരു വർഷം ആകെ 30 മാസത്തെ പലിശ എഴുതി എടുക്കുന്നു. അതുപോലെ തന്നെ ഡെപ്പോസിറ്റ് രണ്ടും മൂന്നും പ്രാവശ്യം പിൻവലിച്ചിട്ടുണ്ട്. നമ്മുടെ

സഹകരണ മേഖലയിൽ ധാരാളം ഇൻസ്പെക്ടർമാരും ഓഡിറ്റർമാരും ഉണ്ടായിട്ടും ഇതുവരെയും ഈ കൊള്ള കണ്ടുപിടിക്കാൻ പറ്റിയില്ലെന്നത് ശരിക്കും തെറ്റാണ്. അതുകൊണ്ട് ഇപ്പോൾ എന്താണ് സംഭവിക്കുന്നത്; എല്ലാ സഹകരണ ബാങ്കുകളിലും വലിയ രീതിയിലുള്ള റൺ വരാൻ പോകുകയാണ്. പല സഹകരണ ബാങ്കുകളിലും ആൾക്കാർ പോയി പണം ചോദിക്കുന്നു. അവർ തമ്മിലുള്ള ബന്ധം കൊണ്ടാണ് അവിടെ അവർ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. സ്ഥലം വാങ്ങാനാണ്, വീടുവയ്ക്കാനാണ് പണം മടക്കിത്തരണമെന്ന് പറഞ്ഞ് പണം തിരികെ വാങ്ങി അത് നേരെ കൊണ്ടുപോയി കൊമേഴ്സ്യൽ ബാങ്കിൽ ഡെപ്പോസിറ്റ് ചെയ്യുകയാണ്. സഹകരണ മേഖല തകർന്നുപോകുകയാണ്. കരുവന്നൂർ ബാങ്ക് മാത്രമല്ല, ടെലിവിഷനിൽ മുഴുവൻ സർവ്വീസ് സഹകരണ സംഘങ്ങളുടെ അഴിമതിയെ പറ്റിയാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്. അത് ജനങ്ങളിൽ വളരെ വലിയ അവമതിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. ഇത് പരിഹരിക്കാൻ എന്താണ് സംസ്ഥാന സർക്കാർ ചെയ്യാനുദ്ദേശിക്കുന്നത്?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കരുവന്നൂർ ബാങ്കിൽ ക്രമക്കേട് നടന്നിട്ടുണ്ടെന്നുള്ള കാര്യം നേരത്തെതന്നെ സഭയിൽ

വ്യക്തമാക്കിയിട്ടുള്ളതാണ്. ഇതിന് മുമ്പിലത്തെ ചോദ്യത്തിലും വ്യക്തമാക്കിയിരുന്നു. ഈ രംഗത്ത് അതിന്റെ വിശ്വാസ്യത വീണ്ടെടുക്കാൻ സഹായിക്കുന്നവിധത്തിലുള്ള ഭാവി പ്രവർത്തനങ്ങൾക്ക് രൂപവും ഭാവവും നൽകിയ കാര്യവും വിശദീകരിച്ചിരുന്നു. സമഗ്രമായ അന്വേഷണം നടത്തി ഇതിൽ ആരൊക്കെയാണ് കുറ്റക്കാർ, കുറ്റക്കാരെയെല്ലാം നിയമത്തിന്റെ ദൃഷ്ടിയിൽ കൊണ്ടുവന്ന് നടപടി സ്വീകരിക്കുന്നതാണ്. ഒരു നിക്ഷേപകനും ഇക്കാര്യത്തിൽ ആശങ്ക വേണ്ട. ഒരു പാക്കേജ് ഉണ്ടാക്കി ബന്ധപ്പെട്ടവരിൽ നിന്നും പണം ഈടാക്കി, അതുപോലെ നിക്ഷേപ ഗ്യാരന്റി സ്കീമും പ്രയോജനപ്പെടുത്തി അവരെ സഹായിക്കുമെന്ന കാര്യവും സൂചിപ്പിക്കുന്നു. സഹകരണ മേഖലയുടെ ആകെ ക്രെഡിബിലിറ്റി പോയിയെന്ന അങ്ങയുടെ വാദം ശരിയല്ല. ഇന്നും കേരളത്തിൽ ഏതാണ്ട് രണ്ടേമുക്കാൽ ലക്ഷം കോടി രൂപയുടെ നിക്ഷേപമുള്ള സഹകരണ മേഖല അതിന്റെ വിപുലവും വിശാലവുമായ പ്രവർത്തനങ്ങളുമായി മുന്നോട്ട് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ ഉണ്ടാകുന്നതിനെതിരെ കൃത്യമായി നടപടിയെടുത്ത് ഭാവിയിൽ കുറ്റമറ്റതായി ഇതിനെ മാറ്റിത്തീർക്കുന്നതാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഇന്നലെ ബഹുമാന്യനായ സഹകരണ വകുപ്പുമന്ത്രി ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടിയിൽ പറഞ്ഞൊരു കാര്യം "പഞ്ചാബ് നാഷണൽ ബാങ്കിൽ വലിയ കുംഭകോണം ഉണ്ടായപ്പോൾ ആർക്കും ഒരു കുലുക്കവുമുണ്ടായില്ല, കരുവന്നൂർ ബാങ്കിലെ പ്രശ്നം വന്നപ്പോൾ മാത്രമാണ് എല്ലാവരും ഇളകിയിട്ടുള്ളത്" എന്നാണ്. സഹകരണ ബാങ്കുകൾ ഏത് പാർട്ടി നേതൃത്വം നൽകുന്ന ബാങ്കുകളായിരുന്നാലും ആ ബാങ്കുകളൊക്കെ സാധാരണക്കാരന്റെ രക്തവും വിയർപ്പുംകൊണ്ട് കെട്ടിപ്പടുത്തതാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല, അതൊരു പച്ചയായ പരമാർത്ഥവുമാണ്. കേരളത്തിലെ ചില ബാങ്കുകളുടെ നിയന്ത്രണം സി.പി.ഐ.(എം)-നും ചിലത് യു.ഡി.എഫ്.-നും ലീഗിനും കോൺഗ്രസിനുമാണ്. ഏത് ബാങ്കിന് ക്ഷീണം സംഭവിച്ചാലും അത് നമ്മുടെ സഹകരണ പ്രസ്ഥാനത്തിനുള്ള ഏറ്റവും വലിയ പ്രഹരമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഈ സംഭവങ്ങളൊക്കെ നമ്മെ സംബന്ധിച്ചിടത്തോളം ചൂണ്ടുപലകയാണ്. എനിക്ക് ചോദിക്കാനുള്ളത്, ഒരു റെഗുലേറ്ററി മെക്കാനിസത്തിന്റെ കുറവ് നമ്മുടെ സഹകരണ മേഖലയിൽ ഇല്ലേ എന്നാണ്; എന്റെ ഓർമ്മ ശരിയാണെങ്കിൽ ശ്രീ. ജി. സുധാകരൻ

സഹകരണ വകുപ്പുമന്ത്രിയായി പ്രവർത്തിച്ചപ്പോൾ 2010-ലെ സഹകരണ നിയമ ഭേദഗതിയിലൂടെ സഹകരണ ഓഡിറ്റ് പ്രത്യേക വകുപ്പാക്കുമെന്ന് പറഞ്ഞിരുന്നു. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് എന്താണ് പറയുവാനുള്ളത്?

ശ്രീ. വി. എൻ. വാസവൻ: സർ, അങ്ങ് ഇവിടെ സൂചിപ്പിച്ചതിൽ ഒരു കാര്യം തെറ്റാണെന്ന് ആദ്യമായി പറയട്ടെ, ഇന്നലെ പഞ്ചാബ് നാഷണൽ ബാങ്കിൽ കൊള്ളനടന്നിട്ട് എന്തുപറഞ്ഞുവെന്ന കാര്യം ഞാൻ ചോദിച്ചില്ല. ചർച്ചയിൽ ഒരാൾ ഉയർത്തിയതാണ്, അത് മന്ത്രിയുടെ തലയിൽ അങ്ങ് കെട്ടിവയ്ക്കേണ്ടതില്ല. ഞാൻ അങ്ങനെ പറഞ്ഞില്ല. അങ്ങ് ഉന്നയിച്ച വിഷയം അനുസരിച്ച് എന്ത് മെക്കാനിസമാണെന്ന് ഇന്നലെത്തന്നെ മറുപടിയിൽ പറഞ്ഞിരുന്നു. Co-operative Audit Monitoring Information System ഈ മേഖലയിൽ കൃത്യമായി നടപ്പാക്കാൻ പോകുകയാണ്.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, സംസ്ഥാന സർക്കാരിനുപോലും സാമ്പത്തിക പ്രയാസം ഉണ്ടാകുമ്പോൾ ആശ്രയിക്കുന്നത് കേരളത്തിലെ സഹകരണ സംഘങ്ങളെയാണ്. ഇത് രാഷ്ട്രീയ കക്ഷിഭേദമന്യേ കേരളത്തിലെ ജനസമൂഹം ഒന്നിച്ച് ഏറ്റെടുത്ത്

വളർത്തിക്കൊണ്ടുവന്നൊരു പ്രസ്ഥാനമാണ്. കരുവന്നൂർ സഹകരണ ബാങ്കിൽ സമാനതകളില്ലാത്തൊരു വലിയ അപരാധമാണ് സംഭവിച്ചത്. ഇത്തരം നടപടികൾ വരുമ്പോൾ ഭരണസമിതിയേയോ, ജീവനക്കാരേയോ പിരിച്ചുവിട്ട് താൽക്കാലികമായൊരു നടപടിയെടുത്ത് അവസാനിപ്പിക്കുക എന്നതിനുപകരം correct measure നടത്തി ഇത് പരിപൂർണ്ണമായി ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കണം. മലപ്പുറം ജില്ലയിലെ മിക്ക ബാങ്കുകളും ആവശ്യപ്പെടുന്ന ഏറെക്കാര്യങ്ങൾ ഉണ്ട്. ജീവനക്കാരുടെ നിയമനങ്ങൾ, സ്ഥലം വാങ്ങുന്നതിനാവശ്യമായ നടപടികൾ, നിയമാവലി ഭേദഗതി, പുതിയ സംഘങ്ങളുടെ രജിസ്ട്രേഷൻ ഇവയൊക്കെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ അഞ്ചുവർഷമായി അവർക്ക് അതിനൊന്നും അനുവാദം നൽകുന്നില്ലെന്നാണ് അറിവ്. അത്തരമൊരു അപാകത തിരുത്തി മലപ്പുറം ജില്ലയിലെ അത്തരം സഹകരണ സംഘങ്ങളുടെ ന്യായമായ ആവശ്യങ്ങൾ പരിഗണിക്കാനും അത് നടപ്പിലാക്കാനുള്ള അനുവാദം നൽകാനും ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, അങ്ങിവിടെ സൂചിപ്പിച്ചതനുസരിച്ച് നിയമാനുസൃതമുള്ള നടപടി ഏതെങ്കിലും സംഘത്തിന് ലഭ്യമാകാനുണ്ടെങ്കിൽ

അങ്ങ് ശ്രദ്ധയിൽപ്പെടുത്തിയാൽ മതി, അത് കൃത്യമായി തന്നിരിക്കുമെന്നുള്ള കാര്യം ഉറപ്പുനൽകുന്നു. രണ്ടാമതായി വസ്തു വാങ്ങുന്നതിനും എല്ലാ ബ്രാഞ്ചുകൾക്കും കെട്ടിടം പണിയുന്നതിനും ചിലയാളുകൾ/സഹകാരികൾ പരിശ്രമിക്കുന്നുണ്ട്. ഞങ്ങൾ അതിൽ ചൂണ്ടിക്കാണിക്കുന്നൊരു അപകടം non earning assets ഒരു സാമ്പത്തിക സ്ഥാപനത്തിന് വർദ്ധിച്ചാൽ അത് കൃത്യമായി ലോസിൽ പോകും. അതുകൊണ്ട് എല്ലാ ബ്രാഞ്ചുകൾക്കും സ്വന്തമായി സ്ഥലം/കെട്ടിടം എന്ന ആശയം തെറ്റായൊരു രീതിയാണെന്ന കാര്യം ഞങ്ങൾ ബോധ്യപ്പെടുത്താറുണ്ട് എന്നുള്ളത് ശരിയാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കരുവന്നൂർ സഹകരണ ബാങ്കിൽ 500 കോടിരൂപ നിക്ഷേപമുണ്ടെന്നാണ് കണ്ടത്. അതിൽ 350 കോടിരൂപയാണ് കൊള്ള ചെയ്തത്. ഇത്രയും രൂപ കൊള്ള ചെയ്യണമെങ്കിൽ സ്വാഭാവികമായും സെക്രട്ടറി ഉൾപ്പെടെ മൂന്നോ, നാലോ ജീവനക്കാരെങ്കിലും ഇതുമായി ബന്ധപ്പെട്ടുകാണും. നീണ്ടകാലത്തെ ഈ വലിയ കൊള്ള നടത്തിയതിൽ പങ്കാളികളായ എത്ര ജീവനക്കാരുടെ പേരിൽ നടപടി സ്വീകരിച്ചിട്ടുണ്ട്? സെക്രട്ടേറിയറ്റിൽ തീ പിടിത്തമുണ്ടായപ്പോൾ രേഖകൾ നശിപ്പിച്ച വാർത്തകൾ വായിക്കാൻ ഇടയായി. അതുപോലെ ഈ

ജീവനക്കാർ അവിടെ ഇരിക്കുന്നുവെങ്കിൽ അവിടത്തെ രേഖകൾ നശിപ്പിച്ചതിനുശേഷമാണോ അവരുടെ പേരിൽ നടപടി സ്വീകരിക്കുന്നത്? ഇതുപോലെ പത്ത് ഇരുപതോളം ബാങ്കുകളിൽ കൊള്ള നടന്നതായി വാർത്തകൾ വന്നുകൊണ്ടേയിരിക്കുന്നു. അവരുടെ പേരിൽ എന്തെങ്കിലും അന്വേഷണവും ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, 350 കോടി രൂപയുടെ ക്രമക്കേട് നടന്നുവെന്ന് അങ്ങ് പറഞ്ഞു. ഞങ്ങളുടെ മുമ്പിൽ കിട്ടിയ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 104.24 കോടി രൂപയുടെ തട്ടിപ്പാണ് തിട്ടപ്പെടുത്തിയിരിക്കുന്നത്. അതോടൊപ്പം ബാക്കി ഏതെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ കൂടുതലായി അന്വേഷണം നടത്തി പുറത്തുകൊണ്ടുവരാൻവേണ്ടി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചു കഴിഞ്ഞു, അതിന്റെ റിപ്പോർട്ട് വരും. ക്രമക്കേട് നടത്തിയ ഒരാളും ഇപ്പോൾ ബാങ്കിലില്ല. രേഖ നശിപ്പിക്കാൻ ബാങ്കിൽ കയറില്ല, മാത്രമല്ല അവരുടെ property കൈമാറാതിരിക്കാൻവേണ്ടിയുള്ള നടപടിക്രമങ്ങളും സ്വീകരിച്ചുകഴിഞ്ഞിട്ടുണ്ടെന്ന കാര്യവും സൂചിപ്പിക്കുകയാണ്.

ഡോ. കെ. ടി. ജലീൽ: സർ, പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘമായി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള കരുവന്നൂർ ബാങ്കും എ.ആർ.നഗർ സർവ്വീസ് സഹകരണബാങ്കും ഉൾപ്പെടെ ആയിരത്തി അറുന്നൂറിൽപ്പരം കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് എൻ.ആർ.ഇ. നിക്ഷേപം തുടങ്ങാൻ റിസർവ് ബാങ്ക് ഇതുവരെ അനുമതി നൽകിയിട്ടില്ല. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ എ.ആർ.നഗർ സർവ്വീസ് സഹകരണബാങ്കിൽ തന്റെ മകന്റെ പേരിലുള്ള എൻ.ആർ.ഇ. നിക്ഷേപമാണെന്ന് ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സഭയിൽ നടത്തിയ പ്രസ്താവന വസ്തുതാപരമായി ശരിയാണോ?

ശ്രീ. വി. എൻ. വാസവൻ: സർ, ആ ബാങ്കിലെ നിക്ഷേപം സംബന്ധിച്ച വിവരം ഇപ്പോൾ എന്റെ മുമ്പിലില്ല. അത് പരിശോധിച്ച് മാത്രമേ പറയാൻ കഴിയൂ. (.......ബഹളം......)

മി. സ്പീക്കർ: ഉപചോദ്യം അനുവദിച്ചതാണല്ലോ. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (.......ബഹളം......)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പോയിന്റ് ഓഫ് ഓർഡർ. ഒന്നാമത്തെ കാര്യം, ചോദ്യോത്തരവേള വ്യക്തിപരമായ

ആക്ഷേപങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ പാടില്ല. കൃത്യമായിട്ട് അതിന്റെ നിർദ്ദേശങ്ങളിലുണ്ട്. രണ്ടാമത്തെ കാര്യം, ഒരു സ്ഥലത്തും പ്രതിപക്ഷ ഉപനേതാവ് അദ്ദേഹത്തിന്റെ മകന്റെ ഇപ്പോഴത്തെ ഈ ബാങ്കിലെ അക്കൗണ്ട് എൻ.ആർ.ഇ. നിക്ഷേപമാണെന്ന് പറഞ്ഞിട്ടില്ല.

മി. സ്പീക്കർ: അങ്ങ് ഉന്നയിച്ചകാര്യം പ്രത്യേകം പരിശോധിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം പറഞ്ഞത് എൻ.ആർ.ഇ. നിക്ഷേപമുണ്ടായിരുന്ന ബാങ്കിൽനിന്ന് എസ്.ബി.ഐ. വഴി ഈ ബാങ്കിലേയ്ക്ക് പൈസ ട്രാൻസ്ഫർ ചെയ്തു എന്നാണ്.

മി. സ്പീക്കർ: യെസ്....യെസ്.

ശ്രീ. വി. ഡി. സതീശൻ: സർ, അദ്ദേഹം ഈ നിയമസഭയിൽ പറയാത്തകാര്യം വളച്ചൊടിച്ച് ചോദ്യോത്തരവേളയിലൊരു ചോദ്യം ചോദിക്കുന്നത് ശരിയല്ല.

## ലോട്ടറി മേഖലയുടെ പുനരുജ്ജീവനം

3(*303) ശ്രീ. വാഴൂർ സോമൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽകുമാർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡ് മൂലം ലോട്ടറി മേഖലയ്ക്കുണ്ടായ പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കോവിഡ് മൂലം പ്രതിസന്ധിയിലായ ലോട്ടറി മേഖലയുടെ പുനരുജ്ജീവനത്തിനായി നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(സി) സാമൂഹിക ലക്ഷ്യം മുൻനിർത്തി ലോട്ടറികൾ വിഭാവനം ചെയ്യുക എന്ന ആശയ സാക്ഷാത്ക്കാരത്തിനായി കൂടുതൽ ലോട്ടറികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) ലോട്ടറി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ സുതാര്യവും കാര്യക്ഷമവുമാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ&ബി) കോവിഡ്-19 വ്യാപനം മറ്റെല്ലാ മേഖലയിലുമെന്നപോലെ ഭാഗ്യക്കുറി മേഖലയേയും ബാധിച്ചിട്ടുണ്ട്. കോവിഡ്-19 ഒന്നാം ഘട്ട ലോക്ക്ഡൗൺ പശ്ചാത്തലത്തിൽ ലോട്ടറി മേഖലയിലെ തൊഴിലാളികളുടെ സാമ്പത്തിക ബുദ്ധിമുട്ട് കണക്കിലെടുത്ത് കേരള സംസ്ഥാന ഭാഗ്യക്കുറി

ഏജന്റുമാരുടെയും വില്പനക്കാരുടെയും ക്ഷേമനിധി ബോർഡിലെ സജീവ അംഗങ്ങൾക്ക് കോവിഡ് ആശ്വാസ ധനസഹായമായി 1,000/- രൂപവീതം രണ്ട് ഗഡുക്കളായി നൽകിയിരുന്നു. സജീവ അംഗങ്ങൾക്കും പെൻഷൻകാർക്കും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിന് യഥാക്രമം 3,500/- രൂപയുടെയും 2,000/- രൂപയുടെയും ഭാഗ്യക്കൂപ്പണുകൾ വിതരണം ചെയ്യുകയുണ്ടായി. തൊഴിൽ മേഖലയിൽ സുരക്ഷിതരായി തുടരുന്നതിലേയ്ക്കായി ഒരു ജോഡി മാസ്ക്, സാനിറ്റൈസർ എന്നിവ സൗജന്യമായി വിതരണം ചെയ്തു. രണ്ടാംഘട്ട ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ എല്ലാ സജീവ അംഗങ്ങൾക്കും 1,000/- രൂപ വീതം അടിയന്തര ആശ്വാസ ധനസഹായമായി വിതരണം ചെയ്തിട്ടുണ്ട്. അംഗത്വ കാലാവധി ഒരു വർഷം പൂർത്തിയാക്കിയ സജീവ അംഗങ്ങൾക്കും 2021 ജൂലൈ 31 വരെയുള്ള കാലയളവിനുള്ളിൽ അംശദായ കുടിശ്ശിക ഒടുക്കി സജീവമാകുന്ന അംഗങ്ങൾക്കും 3,000/- രൂപ വീതവും പ്രസ്തുത വർഷം ഏപ്രിൽ 1 മുതൽ പെൻഷന് അർഹത നേടുന്ന പെൻഷൻകാർക്ക് 1,000/- രൂപ വീതവും ഭാഗ്യക്കുറി ടിക്കറ്റ് വാങ്ങുന്നതിലേയ്ക്കായി നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണത്തിൽ 12960 വർദ്ധനവ്

വരുത്തിയും സമ്മാന വിഹിതം 1.5% വർദ്ധിപ്പിച്ചും 100 രൂപ ഒഴികെയുള്ള സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 2% വർദ്ധിപ്പിച്ചും 100 രൂപ സമ്മാനങ്ങളുടെ ഏജൻസി പ്രൈസ് 10 ശതമാനത്തിൽനിന്നും 20 ശതമാനമായി ഉയർത്തിയും ഏജൻസി ഡിസ്കൗണ്ട് സ്ലാബിൽ ഓരോന്നിലും 0.5% വീതം വർദ്ധനവ് വരുത്തിയിട്ടുണ്ട്. കോവിഡ് 19-ന്റെ ഒന്നും രണ്ടും ഘട്ട വ്യാപനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന ലോക്ഡൗൺ ഉൾപ്പെടെയുള്ള നിയന്ത്രണങ്ങൾ നിമിത്തം നാളിതുവരെ 237-ഓളം ഭാഗ്യക്കുറികൾ റദ്ദ് ചെയ്തിട്ടുണ്ട്. ആയത് സർക്കാരിനെന്ന പോലെ ഭാഗ്യക്കുറി മേഖലയിൽ പ്രവർത്തിക്കുന്ന തൊഴിലാളികൾക്ക് വരുമാനനഷ്ടം വരുത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇത്തരം പ്രതിസന്ധിഘട്ടങ്ങളിൽനിന്നും കരകയറുന്നതിനായി ലോക്ഡൗൺ നിയന്ത്രണങ്ങളിൽ ഇളവുകൾ അനുവദിച്ചു വരുന്ന സാഹചര്യത്തിൽ ആഴ്ചയിൽ മൂന്നു വീതം നറുക്കെടുപ്പുകൾ തുടങ്ങുകയും അതുവഴി തൊഴിലാളികളുടെ ജീവനോപാധി കണ്ടെത്താനായി ശ്രമിക്കുകയും ചെയ്യുന്നു.

(സി) നിലവിലെ സാഹചര്യത്തിൽ പുതിയ ഭാഗ്യക്കുറികൾ ആരംഭിക്കുന്നതും അത് വിജയപ്രാപ്തിയിലേയ്ക്ക് എത്തിക്കുന്നതും

പ്രയാസകരമാണ്.

(ഡി) ഉണ്ട്. ഭാഗ്യക്കുറി ടിക്കറ്റുകളുടെ സ്കീം ക്രിയേഷനിൽ തുടങ്ങി സമ്മാന വിതരണംവരെ നിർവ്വഹിക്കുന്നതിനായി ലോട്ടറി വകുപ്പ് NIC മുഖാന്തരം Automated Software സംവിധാനം നടപ്പിൽവരുത്തി. ഭാഗ്യക്കുറി മേഖലയിൽ വ്യാജ ലോട്ടറികൾ തടയുന്നതിനായി Relief pattern, Opaque Text, Void Pandograph Micro Text തുടങ്ങിയ സെക്യൂരിറ്റി ഫീച്ചറുകൾ ഏർപ്പെടുത്തി. വകുപ്പ് വിൽപ്പനയ്ക്കായി മാർക്കറ്റിൽ എത്തിക്കുന്ന ടിക്കറ്റുകളുടെ Genuineness പരിശോധിക്കുന്നതിന് 'ഭാഗ്യകേരളം' എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷൻ പുറത്തിറക്കിയിട്ടുണ്ട്. സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തിവരുന്ന നറുക്കെടുപ്പ് പ്രക്രിയ കൂടുതൽ സുതാര്യമാക്കുന്നതിനായി നാലോളം ചാനലുകളിൽ നറുക്കെടുപ്പിന്റെ തത്സമയ സംപ്രേക്ഷണം ആരംഭിച്ചു. ഭാഗ്യക്കുറി വകുപ്പിലെ പത്തൊൻപതോളം ഓഫീസുകളിൽ CCTV സംവിധാനം ഏർപ്പെടുത്തുകയും Attendance രേഖപ്പെടുത്താൻ Biometric സംവിധാനം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ലോട്ടറി ടിക്കറ്റ് വില്പന മേഖലയിലെ അനാശാസ്യ പ്രവണതകൾ കണ്ടെത്തുന്നതിനും തടയുന്നതിനും ഓഫീസുകളിലെ വില്പന

സംബന്ധിച്ച് പരാതികൾ അന്വേഷിക്കുന്നതിനും വകുപ്പുതലത്തിൽ Internal Vigilance വിഭാഗം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വാഴൂർ സോമൻ: സർ, വയോജനങ്ങളായ ആളുകൾ, അംഗപരിമിതർ തുടങ്ങിയ സമൂഹത്തിന്റെ ദുർബല ജനവിഭാഗങ്ങളാണ് ലോട്ടറി വിൽപ്പന രംഗത്ത് ഭൂരിപക്ഷവുമുള്ളത്. കോവിഡ് സാഹചര്യം തുടരുന്ന ഈ സ്ഥിതിവിശേഷത്തിൽ ലോട്ടറി ഏജന്റുമാർക്ക് ഓൺലൈനിലൂടെ പണമടച്ച് ടിക്കറ്റ് വാങ്ങാനുള്ള സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, അത് പരിശോധിച്ച് തീരുമാനിക്കേണ്ട ഒരു കാര്യമാണ്. ആവശ്യമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. വാഴൂർ സോമൻ: സർ, 1957-ലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ കാലഘട്ടം മുതൽ തൊഴിലാളികൾക്ക്/ജീവനക്കാർക്ക് ബോണസ് എന്നുപറയുന്നത് മാറ്റിവയ്ക്കപ്പെട്ട വേതനമായാണ് കണക്കാക്കുന്നത്. 'Bonus is a define wage' എന്നാണ് പറയുന്നത്. നമ്മുടെ പൊതുമേഖല

സ്ഥാപനങ്ങളിലെ ജീവനക്കാർക്കെല്ലാം 8.33 ശതമാനം ബോണസ് നൽകാൻ ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ലോട്ടറി രംഗത്ത് പ്രവർത്തിക്കുന്ന ആളുകൾക്കും മിനിമം ബോണസോ കുറഞ്ഞത് പതിനായിരം രൂപയെങ്കിലും ഓണത്തിന് നൽകുവാൻ നടപടി സ്വീകരിക്കുമോ എന്നതാണ് എന്റെ ചോദ്യം?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഈ മേഖലയെ സംബന്ധിച്ച് വേണ്ടത്ര ഗൗരവത്തോടെ മനസ്സിലാക്കിയിട്ടല്ല എന്ന് ഞാൻ പറയുന്നില്ല. എങ്കിൽപ്പോലും ലോട്ടറി വിൽക്കുന്ന ഏജന്റുമാരുടെ കാര്യത്തിൽ, തൊഴിലാളികളുടെ ബോണസുപോലെ കരുതിയാൽ എങ്ങനെയാകുമെന്ന കാര്യം മനസ്സിലുണ്ടാവേണ്ടതാണ്. ഒരു കാര്യം പറയാം, കഴിഞ്ഞ കോവിഡ് സാഹചര്യം വന്നപ്പോൾ വലിയ ബുദ്ധിമുട്ടുകളും പ്രത്യേകിച്ച് മറുനാടൻ ലോട്ടറികളുടെ വലിയ ഭീഷണിയുമുണ്ടായിരുന്ന സാഹചര്യത്തിൽ മൂന്ന് ശതമാനത്തോളമെങ്കിലും നമ്മുടെ കേരള ലോട്ടറിക്ക് കിട്ടിക്കൊണ്ടിരുന്ന ബെനിഫിറ്റ്, അല്ലെങ്കിൽ അതിന്റെയൊരു ലാഭത്തിലേയ്ക്ക് പോകേണ്ട ഭാഗം മൂന്ന് ശതമാനത്തിൽ താഴെയാണ് കേരളത്തിലെ ലോട്ടറിക്ക് കിട്ടുന്നത്. അതുകൊണ്ട് അത്തരത്തിലൊരു ബോണസിന്റെ കാര്യം ഇല്ല. എന്നാൽ

ലോട്ടറിത്തൊഴിലാളി ക്ഷേമനിധിയും സംവിധാനങ്ങളും വന്നതിനുശേഷം ആ മേഖലയിൽ കാര്യമായ ഇടപെടലും സഹായവുമുണ്ടാകുന്നുണ്ട്. കൂടുതൽ വരുമാനം വർദ്ധിക്കുന്നതിനനുസരിച്ച് ശക്തമായി കൊണ്ടുപോകാൻ ഗവൺമെന്റ് തയ്യാറാകുന്നുണ്ട്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, ഈ കോവിഡ് കാലത്ത് വളരെ പ്രതിസന്ധിയുണ്ടായ ഒരു മേഖലയാണ് ലോട്ടറി മേഖല. ലോട്ടറി മുഖവില കുറയ്ക്കുക, എഴുത്ത് ലോട്ടറി ചൂതാട്ടം തടയുക, സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുക എന്നൊക്കെ അവർ നിരന്തരമുന്നയിക്കുന്ന ആവശ്യങ്ങളാണ്. ലോട്ടറി ഏജന്റുമാർക്കായി ഒട്ടേറെ സഹായപദ്ധതികൾ നമ്മുടെ ഗവൺമെന്റ് പ്രഖ്യാപിക്കുകയുണ്ടായി. അത് പകുതിയോളം ഏജന്റുമാർക്ക് കിട്ടാത്ത സാഹചര്യമുണ്ട്. കാരണം, ഒരുമാസം ലോട്ടറി വിൽപ്പനയിൽ 25,000 രൂപ എന്ന ടാർജറ്റ് അവർ നേടണം. ഏതാണ്ട് നാൽപ്പതിനായിരത്തോളം അംഗങ്ങൾക്ക് അതിന് കഴിയാത്ത സാഹചര്യമുണ്ട്. അതുകൊണ്ട് അവർക്ക് ക്ഷേമനിധി അംഗത്വം പുതുക്കാനും കഴിയുന്നില്ല. ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെട്ട് അവരെ സഹായിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഏജന്റുമാർക്ക് പരമാവധി സഹായം കിട്ടുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകും. സാങ്കേതികമായ കാര്യങ്ങൾ ബന്ധപ്പെട്ട വകുപ്പുമായി പരിശോധിച്ചുനോക്കേണ്ടതാണ്. പരമാവധി അവരെ സഹായിക്കുന്നതിനുള്ള നിലപാടുണ്ടാകും. ഈ കോവിഡ് കാലയളവിൽ വ്യവസ്ഥാപിതമായ നിയമത്തിൽ ഇളവ് വരുത്തിയാണ് അധികമായ സഹായം ചെയ്തിട്ടുള്ളത്. ഇനിയായാലും ഏജന്റുമാരെ സംരക്ഷിക്കുന്നതിന് പരമാവധി കാര്യങ്ങൾ ചെയ്യും. ഈ പറഞ്ഞകാര്യം പരിശോധിച്ചുമാത്രമേ എങ്ങനെ നടപ്പിലാക്കണമെന്ന് പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, ലോട്ടറി മേഖല ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി ലോട്ടറി വിൽപ്പനയിലുണ്ടായിട്ടുള്ള ഇടിവാണ്. ലോട്ടറിയുടെ മുഖവില കുറയ്ക്കാതെ താഴെത്തട്ടിൽ വിൽപ്പന വർദ്ധനവ് സാധ്യമാകില്ല. കോവിഡ്കാല പ്രതിസന്ധിയുടെ ഭാഗമായി താഴെത്തട്ടിൽ ഭൂരിഭാഗം ടിക്കറ്റുകളും വിൽക്കപ്പെടാതെ അവശേഷിക്കുകയാണ്. ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, ഇത് ലോട്ടറി ഏജന്റുമാരുടെ സംഘടനകൾ ശക്തമായി ആവശ്യപ്പെട്ടിട്ടുള്ള ഒരു കാര്യമാണ്. നേരത്തെ 30 രൂപയായിരുന്നു. അത് 40 രൂപയായി വർദ്ധിപ്പിച്ചു. ജി.എസ്.ടി. ഇംപ്ലിമെന്റ് ചെയ്ത സമയത്താണത് വന്നത്. ലോട്ടറിക്ക് 12 ശതമാനമുണ്ടായിരുന്ന ടാക്സ് 28 ശതമാനമായി. ആ സമയത്ത് അതിന്റെ കണക്ക് കൂട്ടിയിട്ടാണ് ഇങ്ങനെ വന്നത്. ലോട്ടറി എക്കണോമിക്കലായി പോകണമെങ്കിൽ മിനിമം സെയിൽസുണ്ടാകണമെന്നതാണ് പ്രശ്നം. ഇപ്പോൾ കോവിഡ് കൂടിവന്ന സാഹചര്യത്തിൽ സെയിൽസിന് ലിമിറ്റുണ്ട്. കമ്മീഷനും വിലയ്ക്കനുസരിച്ചാണ് വ്യത്യാസം വരുന്നത്. ഈ വന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ടെക്നിക്കൽ മേഖലയിലുള്ള ആളുകളുമായി സംസാരിച്ചിരുന്നു. അങ്ങനെ വിലകുറയ്ക്കുന്നത് ഇപ്പോൾ എക്കണോമിക്കലാവില്ല, ലോട്ടറി സംവിധാനത്തിന് സഹായകമാവില്ലെന്നാണ് പറഞ്ഞിട്ടുള്ളത്. അതുകൊണ്ട് തൽക്കാലം അതിലേയ്ക്ക് പോകാൻ ബുദ്ധിമുട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, നമ്മുടെ നാട്ടിലെ ലോട്ടറി ഏതാണ്ട് ഒന്നരലക്ഷത്തോളം വരുന്ന സാധാരണക്കാരായ, ഏറ്റവും പാവപ്പെട്ട

ആളുകളുടെ ഉപജീവനമാർഗ്ഗമാണ്. അതോടൊപ്പംതന്നെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി ഇതിന്റെ തുക വിനിയോഗിക്കുകയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാനത്തുള്ള ലോട്ടറികളടക്കം വലിയ രീതിയിലുള്ള മാഫിയകൾ നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവരാനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. ജി.എസ്.ടി. കൗൺസിലിൽ കേരളത്തിന്റെ എതിർപ്പ് മറികടന്നുകൊണ്ട് കേന്ദ്രസർക്കാർ ലോട്ടറിക്കും എല്ലാ ഭാഗ്യക്കുറികൾക്കും അത് ഇതരസംസ്ഥാനത്തുനിന്നും വരുന്നതാണെങ്കിലും സംസ്ഥാനത്ത് ഉള്ളതാണെങ്കിലും നികുതി 28 ശതമാനമായി ഉയർത്തിയിട്ടുണ്ട്. അതോടൊപ്പം ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഇത്തരത്തിലുള്ള ലോട്ടറി മാഫിയകളെ നിയന്ത്രിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ അധികാരം കോടതിവഴി ഇല്ലാതെയാക്കുന്ന ഒരു സാഹചര്യവുമുണ്ടായിട്ടുണ്ട്. ഇത് നമ്മുടെ ലോട്ടറി മേഖലയെ വലിയ രീതിയിൽ ബാധിക്കാൻ സാധ്യതയുണ്ട്. ഇതിനെതിരെയുള്ള പോരാട്ടം നിയമപരമായിട്ടും ജി.എസ്.ടി. കൗൺസിലിലും നടത്താൻ തയ്യാറായിട്ടുണ്ടോ; അതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ജി.എസ്.ടി കൗൺസിലിനുള്ളിലും കോടതിയിലും ഇടപെടൽ നടത്തിയിട്ടുണ്ട്. ഏറ്റവുമൊടുവിൽ, പഞ്ചാബ്, ഗോവ, നാഗാലാൻഡ്, മിസോറാം, സിക്കിം തുടങ്ങി അഞ്ച് സ്റ്റേറ്റുകൾ കേരളത്തിലേയ്ക്ക് ലോട്ടറി തുടങ്ങാനുള്ള അപേക്ഷ കൊടുത്തിരുന്നു. അതിലെ നാഗാലാൻഡ് ലോട്ടറി ഫ്യൂച്ചർ ഗെയിമിംഗ് ആന്റ് ഹോട്ടൽ സർവ്വീസസ് എന്ന ഏജൻസി വഴിയാണ് നടത്തുന്നത്. ഈ സഭയിലും പുറത്തും ഈ വിഷയം ഏറെ ചർച്ച ചെയ്തിട്ടുള്ളതാണ്. അവർ കേസുമായി വന്നു, അവർക്ക് ഇവിടെ ലോട്ടറി നടത്താനുള്ള അവകാശം വേണമെന്നു പറഞ്ഞു. ബഹുമാനപ്പെട്ട ഹൈക്കോടതി സിംഗിൾ ബഞ്ച് അവർക്കനുകൂലമായ വിധി നൽകി. എന്നാൽ ഡിവിഷൻ ബഞ്ചിൽ അപ്പീൽ പോയതിൽ സ്റ്റേറ്റിന്റെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ടുള്ള ഒരു നിലപാടാണ് എടുത്തിരിക്കുന്നത്. ഇപ്പോൾ നമ്മുടെ ഗവൺമെന്റ്, എൽ.ഡി.എഫ്. ആയാലും യു.ഡി.എഫ്. ആയാലും നേരത്തേ എടുത്ത നിലപാട് കണ്ടിന്യൂസായി നിൽക്കുന്നതാണ്. ലോട്ടറിയുടെ കാര്യത്തിൽ സുപ്രീംകോടതിയിൽ പോകുന്നതിന്റെ ഒരു സാധ്യതകൂടി കണക്കിലെടുത്ത് ഒരു caveat കൂടി കൊടുത്തിട്ടുണ്ട്. ഇതുവരെ വേറൊന്നും വന്നിട്ടില്ല.

ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് ലോട്ടറിയെ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുകയാണ്.

ശ്രീ. എം. വിൻസെന്റ്: സർ, കോവിഡ് വന്നതിനുശേഷം ലോട്ടറി സമ്മാനങ്ങളിൽ കുറവ് വന്നതായി അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാരണം നൂറ് ടിക്കറ്റുകൾക്ക് ഇടയിൽ രണ്ടും മൂന്നും സമ്മാനങ്ങൾ ഉണ്ടാകുന്ന ഘടനയായിരുന്നു ഉണ്ടായിരുന്നത്. അത് ഇപ്പോൾ കുറഞ്ഞിരിക്കുന്നുവെന്നാണ് മനസ്സിലാക്കുന്നത്. എല്ലാ ദിവസവും നറുക്കെടുപ്പ് നടത്തുന്ന രീതിയിൽ കൂടുതൽ ലോട്ടറി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കുമോ; ലോട്ടറിയെടുക്കുന്നത് സാധാരണക്കാരാണ്. ലോട്ടറി വിൽപ്പന ഏറ്റവും കൂടുതൽ നടക്കുന്നത് നറുക്കെടുപ്പിന്റെ അന്നോ തലേദിവസമോ ആയിരിക്കും. കോവിഡ് നിയന്ത്രണം വരുന്നത് ചിലപ്പോൾ ആ ദിവസങ്ങളിലായിരിക്കും. ആ ദിവസം അവർക്ക് അത് വിൽക്കാൻ കഴിയാത്ത സാഹചര്യമുണ്ടാകും. ഈ കാര്യങ്ങൾ പരിഗണിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സമ്മാനത്തിന്റെ കാര്യത്തിൽ അങ്ങേയ്ക്ക് ലഭിച്ച ധാരണ ശരിയല്ലെന്ന് പറയേണ്ടിയിരിക്കുന്നു. നേരത്തെ

ഇവിടെ പറഞ്ഞ, ലോട്ടറിക്ക് ഉണ്ടായിരുന്ന മൂന്ന് ശതമാനത്തോളം മാർജിൻകൂടി കുറച്ച് കൊടുത്തുകൊണ്ടാണ് കഴിഞ്ഞ ബഡ്ജറ്റിന്റെ സമയത്തും തൊട്ടുമുമ്പും ലോട്ടറി സംരക്ഷിക്കാൻ നിലപാടെടുത്തത്. നേരത്തെ അവതരിപ്പിച്ച മറുപടിയിൽ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. അതിനാൽ ആവർത്തിക്കുന്നില്ല. 12960 സമ്മാനങ്ങൾ പുതിയതായി വർദ്ധിപ്പിച്ചു. ഏജന്റുമാരെ സഹായിക്കാൻ അര ശതമാനംവീതം ഏജൻസി ഡിസ്കൗണ്ട് വർദ്ധിപ്പിച്ചു. പ്രൈസ് മണിയുമായി ബന്ധപ്പെട്ട് കുറെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ആളുകൾക്ക് കുറണ്ടായി അറിയാനാണ് നാല് ടെലിവിഷൻ ചാനലുകളിൽ ഇതിന്റെ നറുക്കെടുപ്പ് ലൈവായി കാണിക്കുന്നത്. അതുകൊണ്ട് ആനുകൂല്യങ്ങളുടെ കാര്യത്തിൽ കുറവില്ല. മാർജിൻ ഇപ്പോൾ മൂന്ന് ശതമാനം കുറവേയുള്ളൂ. കച്ചവടത്തിന്റെ കാര്യത്തിൽ മൂന്ന് ലോട്ടറി ആരംഭിച്ചിട്ടുണ്ട്. എങ്കിലും പഴയ നമ്പരിലേയ്ക്ക് എത്തിയിട്ടില്ല. ഓരോ ലോട്ടറിയും 90 ലക്ഷത്തിന് മുകളിലേയ്ക്ക് വന്നിട്ടുണ്ട്. ഇപ്പോൾ ആഴ്ചയിൽ മൂന്ന് ദിവസം മാത്രമേ അനുവാദം കിട്ടുന്നുള്ളൂ. ലോക്ക്ഡൗണിന് മാറ്റം വന്നതിന്റെ സാഹചര്യത്തിൽ ആറ് ദിവസം ഇപ്പോൾ വർക്കിംഗ് ആണ്. ആറ് ദിവസമായി പോകാൻ കഴിയുമെന്നുള്ളൊരു ശുഭപ്രതീക്ഷയാണുള്ളത്,

തീരുമാനമായിട്ടില്ല. ആ തരത്തിലേയ്ക്ക് വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ലോട്ടറി സമ്മാനം ലഭിച്ചയാൾ സമ്മാനം വങ്ങിക്കൊണ്ടുപോകാതെ ഈയിനത്തിൽ കോടിക്കണക്കിന് രൂപ ഉണ്ടെന്നാണ് പൊതുവെയുള്ള സംസാരം. അങ്ങനെയുണ്ടെങ്കിൽ ഒരു കാലയളവ് നിശ്ചയിച്ച്, ആ കാലയളവ് കഴിഞ്ഞാൽ തുക റൈറ്റ് ഓഫ് ചെയ്ത് ക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ കഴിയുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വലിയ തോതിൽ unclaimed ആയിട്ടുള്ള തുക വരുന്നുണ്ടോയെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരോട് നേരത്തെ ചോദിച്ചപ്പോൾ അങ്ങനെ വലിയ തോതിൽ അൺക്ലെയിമ്ഡ് തുക വരുന്നില്ലെന്നാണ് പറഞ്ഞത്. സാധാരണ കൊമേഴ്സ്യൽ സംവിധാനം പോലെയല്ല ലോട്ടറിയുടെ സിസ്റ്റം. ഖജനാവിൽനിന്ന് പണമെടുക്കുക അതിലേയ്ക്കുതന്നെ തിരിച്ചുവരിക എന്നനിലയിലാണ്. അല്ലാതെതന്നെ ക്ഷേമനിധിക്ക് വേണ്ടിയുള്ള കാര്യങ്ങൾ നന്നായി ചെയ്യുന്നുണ്ട്. അത് ഇപ്പോൾ നല്ലനിലയിൽ പോകുന്നുണ്ട്. അത് ശക്തമായി കൊണ്ടുപോകുകയെന്നുള്ളതാണ് നിലപാട്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, നോൺ ടാക്സ് റവന്യൂവിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം ലോട്ടറിയിൽനിന്ന് ലഭിക്കുന്ന വരുമാനമാണ്. ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിൽ ഇല്ലാതായാൽ സംസ്ഥാന ലോട്ടറി തകർന്നുപോകുമെന്നുള്ള പ്രചാരണമുണ്ടായിരുന്നു. എന്നാൽ ഇതര സംസ്ഥാന ലോട്ടറികൾ കേരളത്തിലുണ്ടായിരുന്ന കാലത്ത് 300 കോടി രൂപയുടെ ടേൺ ഓവർ ഉണ്ടായിരുന്നത്, അതിനുശേഷം കേരള ലോട്ടറിയുടെ ടേൺ ഓവർ 12000 കോടി രൂപയായി ഉയർന്നു. പക്ഷെ സമീപകാലത്ത് അതിൽനിന്നുള്ള വരുമാനം ഗണ്യമായി കുറഞ്ഞുവരുന്നുവെന്നുള്ളതാണ് ദൃശ്യമാകുന്നത്. അത്തരത്തിൽ വരുമാനം കുറയുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാക്കണം. മാത്രമല്ല സമ്മാനഘടനയെക്കുറിച്ചുള്ള ആക്ഷേപങ്ങൾ ധാരാളമായുണ്ടാകുന്നു. സമ്മാന ഘടന പുനഃസംഘടിപ്പിച്ച് മൊത്തത്തിൽ കേരള ലോട്ടറിയെ വിപുലപ്പെടുത്തണം. ഇപ്പോഴും ഇതരസംസ്ഥാന ലോട്ടറികൾ കടന്നുവരാൻ നിയമപരമായും അല്ലാതെയുമൊക്കെയുള്ള വലിയ ശ്രമങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ പിന്തുണകൂടി ആ കാര്യത്തിലുണ്ട്. ഇതര സംസ്ഥാന ലോട്ടറി എന്നല്ല പറയേണ്ടത്

അക്ഷരാർത്ഥത്തിൽ മാഫിയതന്നെയാണ് അവർ. അവർ തന്നെയാണ് പല സംസ്ഥാനങ്ങളുടേയും കമ്പനികളുടേയും പേരിൽ ഇങ്ങോട്ട് കടന്നുവരാൻ ശ്രമിക്കുന്നത്. നമ്മൾ ഒറ്റക്കെട്ടായിനിന്നാണ് അവർ കേരളത്തിലേക്ക് വരാതിരിക്കാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തിയിട്ടുള്ളത്. ആ ശ്രമം തുടരുകതന്നെവേണം. പക്ഷേ കേരള ലോട്ടറിയുടെ നിലനിൽപ്പിന് സമ്മാന ഘടനയിലും ലോട്ടറിയുടെ ഘടനയിലും വരുത്തേണ്ട കാലാനുസൃതമായ മാറ്റങ്ങളെക്കുറിച്ച് ഗൗരവതരമായി ആലോചിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, സമ്മാനങ്ങളുടെ ഘടനയിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് നേരത്തെ പറഞ്ഞു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞ ഒരുകാര്യം വളരെ ശരിയാണ്. 2018-19-ലെ ലോട്ടറിയുടെ ആകെ കച്ചവടം 9262 കോടി രൂപയും 2019-20-ൽ 9,972 കോടി രൂപയുമായിരുന്നു. 2020-21-ൽ 4,910 കോടി രൂപയായി കുറഞ്ഞത് കോവിഡ് രൂക്ഷമായ സാഹചര്യത്തിലാണ്. സംസ്ഥാന സർക്കാരിന്റെ ഖജനാവിലേയ്ക്ക് വരുന്ന തുക മൂന്ന് ശതമാനത്തിൽ താഴെയാണ്. നേരത്തെ ആറ് ശതമാനമായിരുന്നു, ഒരു ഘട്ടത്തിൽ അതിലും കൂടുതൽ ഉണ്ടായിരുന്നു.

കഴിഞ്ഞ വർഷത്തെ ലോക്ക്ഡൗണിന്റെ സാഹചര്യത്തിൽ, അതൊരു കണ്ടിന്യൂസ് മെഷറാണോ എന്ന് തീരുമാനിക്കേണ്ടതാണ്, ആ സമയത്ത് ഏജന്റുമാർക്കുമെല്ലാം കുറച്ചൊരു മെച്ചപ്പെട്ട സാഹചര്യം കിട്ടാൻവേണ്ടി മൂന്ന് ശതമാനത്തോളം കുറച്ചിട്ടുണ്ട്. അതിലും താഴേയ്ക്ക് പോകാൻ പറ്റില്ല, 2.7 ശതമാനമേയുള്ളൂ. വലുതല്ലെങ്കിലും സംസ്ഥാന സർക്കാരിന്റെ നികുതിയേതര വരുമാനത്തിന്റെ ഒരു മേജർ പാർട്ടാണിത്. വിൽക്കുന്ന ലോട്ടറിയുടെ ജി.എസ്.ടി. പാർട്ടാണ് നമുക്ക് കിട്ടുന്ന ബെനിഫിറ്റ്. അതുകൊണ്ട് ഏജൻസി കമ്മീഷൻ പരമാവധി കൊടുക്കുകയും പരമാവധി ഡിസ്ട്രിബ്യൂട്ട് ചെയ്യുകയും ചെയ്യുന്ന തരത്തിൽതന്നെയാണ് നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. പല സംസ്ഥാന ലോട്ടറികളുടേയും പേരിൽ വരുന്നത് ഒരേ കമ്പനിയാണ്. അവരാണ് ലോട്ടറി ആരംഭിക്കാൻ അപേക്ഷയുമായി മുന്നോട്ടുവരുന്നത്. അതിനെ നമ്മൾ ഒന്നിച്ച് നേരിടണം. ഒരു ലക്ഷത്തോളം ആളുകൾക്കെങ്കിലും ജീവിക്കാനുള്ള വരുമാനം ഉണ്ടാക്കിക്കൊടുക്കുന്ന സംവിധാനമാണ് ലോട്ടറി എന്ന നിലയിൽതന്നെയാണ് ഗവൺമെന്റ് കാണുന്നത്. അതനുസരിച്ച് ഘടനയിൽ മാറ്റം വരുത്തിയിട്ടുണ്ട്. കോവിഡിന്റെ ഈ ഘട്ടം മാറിക്കഴിഞ്ഞാൽ കൂടുതൽ ശക്തിപ്പെടുത്താൻ കഴിയുമെന്നാണ്

പ്രതീക്ഷിക്കുന്നത്.

കേരള ബാങ്ക് വായ്പകൾക്ക് കൂട്ടുപലിശ

4 (*304) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. നജീബ് കാന്തപുരം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നയത്തിന് വിരുദ്ധമായി കാർഷികേതര വായ്പകൾക്ക് കേരള ബാങ്ക് കൂട്ടുപലിശ ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) വാണിജ്യ ബാങ്കുകളുടെ ചൂഷണത്തിൽനിന്നും സാധാരണക്കാരെ സംരക്ഷിക്കുന്നതിനായി രൂപീകരിച്ച കേരള ബാങ്ക് അവയെക്കാൾ കൂടുതൽ പലിശ ഈടാക്കുന്നതായ പരാതി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ,

(എ) റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് കൂട്ടുപലിശ ഈടാക്കുന്നത്.

(ബി) ബാങ്കിന്റെ നിക്ഷേപത്തിന്റെ cost of fund-ന് അനുസരിച്ചാണ് പലിശ നിരക്ക് നിശ്ചയിച്ചിരിക്കുന്നത്. വാണിജ്യ ബാങ്കുകളുമായി താരതമ്യം ചെയ്യുമ്പോൾ കേരള ബാങ്കിന്റെ നിക്ഷേപങ്ങളുടെ cost of fund കൂടുതലാണ്. ആയതിനാലാണ് വാണിജ്യ ബാങ്കുകളെക്കാൾ പലിശ നിരക്ക് ഉയർന്നുവരുന്നത്. Cost of fund കുറയുന്നതിന് അനുസരിച്ച് വായ്പാപലിശ നിരക്ക് കുറയ്ക്കുന്ന കാര്യം പരിഗണിക്കും.

ഡോ. എം. കെ. മുനീർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ ഷെഡ്യൂൾഡ് ബാങ്കിൽനിന്നും കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുമെന്നുള്ള നിലയ്ക്കാണ് സാധാരണക്കാരൊക്കെ കേരള ബാങ്കിനെ സമീപിക്കുന്നത്. പക്ഷേ കേരളാ ബാങ്കിൽനിന്നും നൽകുന്ന ഹൗസിംഗ് ലോൺ വായ്പയ്ക്ക് മറ്റ് ഷെഡ്യൂൾഡ് ബാങ്കുകളേക്കാൾ പലിശ കൂടുതലാണ്. കേരളാ ബാങ്കിൽനിന്നും നൽകുന്ന വിവിധ വായ്പകളുടെ പലിശ നിർണ്ണയിക്കുന്നത് ആരാണ്?

ശ്രീ. വി. എൻ. വാസവൻ: സർ, നിയന്ത്രണത്തിന് വിധേയമായാണ് കേരളാ ബാങ്കിന്റെ പലിശ നിർണ്ണയം നടക്കുന്നത്. ആ അടിസ്ഥാനത്തിലാണ് ഇപ്പോൾ പലിശ നിർണ്ണയിച്ചിട്ടുള്ളതെന്ന് നേരത്തെതന്നെ വിശദീകരിച്ചിരുന്നു.

ഡോ. എം. കെ. മുനീർ: സർ, കോസ്റ്റ് കുറഞ്ഞുവരുമ്പോൾ പലിശ കുറയുമെന്ന പ്രതീക്ഷയിലാണ് ജനങ്ങൾ. നമുക്ക് നമ്മുടേതായ ബാങ്കെന്നുള്ള രീതിയിൽ കേരളാ ബാങ്കിനെ സമീപിക്കുമ്പോൾ ഈ രീതിയിൽ കൂടുതൽ പലിശവരുന്നത് ഗുണകരമാണോയെന്ന് പരിശോധിക്കേണ്ടതുണ്ട്. കേരളാ സംസ്ഥാന സഹകരണ ബാങ്ക് ജീവനക്കാർക്ക് അധികയോഗ്യതയ്ക്ക് നൽകുന്ന അഡീഷണൽ ഇൻക്രിമെന്റിന് ഡി.എ. ബാധകമാണോ; സഹകരണസംഘം രജിസ്ട്രാറുടെ 14/2021 നമ്പർ സർക്കുലർ ഏതൊക്കെ സഹകരണ സ്ഥാപനങ്ങൾക്കാണ് ബാധകമാകുന്നത്?

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്ക് കേരളാ ബാങ്ക് എന്നാണ് നാമകരണം ചെയ്തിട്ടുള്ളത്. അവിടത്തെ ജീവനക്കാരുടെ പ്രൊമോഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ സംബന്ധിച്ചും അവരുമായി ഡിസ്കസ്ചെയ്ത് റൂൾസ് ആന്റ് റെഗുലേഷൻസ് സംബന്ധിച്ചും പുതിയ തീരുമാനത്തിലേയ്ക്ക് എത്തിക്കൊണ്ടിരിക്കുകയാണ്. അതിനുശേഷം ആ കാര്യത്തിൽ എന്തെങ്കിലും ഭേദഗതിയുണ്ടെങ്കിൽ സൂചിപ്പിക്കാവുന്നതാണ്. സർക്കുലർ പി.എ.സി.എസ്.-കൾക്കാണ് ബാധകമായിട്ടുള്ളത്.

ശ്രീ. യു. എ. ലത്തീഫ്: സർ, കോസ്റ്റ് ഓഫ് ഫണ്ട് കൂടുന്നതുകൊണ്ടാണ് കൂട്ടപലിശ ഈടാക്കുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. കോസ്റ്റ് ഓഫ് ഫണ്ട് ഇത്രയും നാളായിട്ടും കുറയ്ക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ്; മലപ്പുറം ജില്ലാ ബാങ്ക് കൂട്ടപലിശ ഈടാക്കുന്നില്ലെന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. എൻ. വാസവൻ: സർ, മലപ്പുറം ബാങ്കിന്റെ ഉള്ളടക്കം ഇതുവരെ ഞങ്ങളുടെ മുന്നിൽ വന്നിട്ടില്ല. പ്രസ്തുത വിഷയം പരിശോധിച്ചിട്ട് പറയാം.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കേരള ബാങ്ക് അടക്കമുള്ള സഹകരണ മേഖലയിൽ, ഏകദേശം രണ്ട് ലക്ഷം കോടി രൂപ നിക്ഷേപമുള്ളതായി ഇന്നലെ നടന്ന ചർച്ചയിൽ പറഞ്ഞു. ഇവിടെയുള്ള നിയമസഭാ സാമാജികരൊക്കെ സഹകരണമേഖലയുമായി ബന്ധമുള്ള ആൾക്കാരാണ്. അവരുടെയൊക്കെ പ്രവർത്തനത്തിന്റെ ഫലമായാണ് ഇന്ന് സഹകരണ മേഖല ഉത്തുംഗ ശൃംഗത്തിൽ നിൽക്കുന്നത്. അതിലെന്തെങ്കിലും തകരാറ് സംഭവിക്കുമ്പോൾ, നമുക്കുള്ള ഉത്കണ്ഠയാണിവിടെ രേഖപ്പെടുത്തുന്നത്. ലാഘവത്തോടുകൂടി കാണേണ്ട വിഷയമല്ല ഇത്.

സഹകരണ ബാങ്കുകൾക്ക് നിക്ഷേപം കുറവുണ്ടായിരുന്ന സമയത്ത്, അന്നത്തെ സഹകരണ വകുപ്പുമന്ത്രിയായിരുന്ന, മരണപ്പെട്ടുപോയ കമലം പ്രഖ്യാപിച്ച 'നിക്ഷേപ സമാഹരണ യജ്ഞം' ഓരോ വർഷവും നടത്തിക്കൊണ്ടിരിക്കുകയാണ്. 'സഹകാരി സമ്പർക്ക പരിപാടി' പദ്ധതി ആസൂത്രണം ചെയ്തത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്ന സമയത്തായിരുന്നു. 'ഒരു വീട്ടിൽ നിന്നൊരു നിക്ഷേപം, ഒരു വീട്ടിൽ നിന്നൊരു അംഗം' ഇത് വലിയൊരു ക്യാമ്പെയിനായിരുന്നു. സംസ്ഥാനത്തുടനീളം അത് നടത്തുകയുണ്ടായി. ഈ ക്യാമ്പെയിൻവഴി വലിയ തോതിലുള്ള നിക്ഷേപങ്ങൾ സഹകരണ പ്രസ്ഥാനത്തിൽ വരികയുണ്ടായി. ഇത് സംരക്ഷിച്ചുപോകേണ്ട ഉത്തരവാദിത്തം നമുക്കോരോരുത്തർക്കുമുണ്ട്.

മി. സ്പീക്കർ: ദയവായി അങ്ങ് ചോദ്യത്തിലേയ്ക്ക് കടക്കൂ.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, നേരത്തെ സൂചിപ്പിച്ച നിലയിൽ ഇതുമായി ബന്ധപ്പെട്ടുവരുന്ന വിമർശനങ്ങളെ കാണണമെന്നാണ് എനിക്ക് പറയാനുള്ളത്.

കേരള ബാങ്കിന്റെ രൂപീകരണ വേളയിൽ, കേരളാ ബാങ്കിൽനിന്ന് അടുത്ത 3 വർഷങ്ങളിൽ 10% ഡിവിഡന്റ് സംഘങ്ങൾക്ക് അവരുടെ ഓഹരി മൂലധനത്തിന് നൽകുന്നതാണെന്ന് അന്നത്തെ സഹകരണ വകുപ്പുമന്ത്രി ഒരു പ്രഖ്യാപനം നടത്തിയിരുന്നു. അത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ 2020-21 മാർച്ചിൽ അവസാനിച്ച കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബാങ്കിന്റെ ലാഭനഷ്ടക്കണക്കുകളുടെ അടിസ്ഥാനത്തിൽ, മുൻ മന്ത്രി പ്രഖ്യാപിച്ച ലാഭവിഹിതം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് നൽകാൻ സാധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ആദ്യം സൂചിപ്പിച്ച കാര്യം, സഹകരണ മേഖലയിലെ ചർച്ചയിൽ ഉയർന്നുവന്ന സൃഷ്ടിപരമായ വിമർശനങ്ങളും ക്രിയാത്മക നിർദ്ദേശങ്ങളും സ്വാഗതം ചെയ്യുന്നുവെന്ന് തന്നെയാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ സഹകരണ വകുപ്പുമന്ത്രി പ്രഖ്യാപിച്ച ഡിവിഡന്റ് നൽകാത്തത് ലാഭത്തിൽ എത്താത്തതിനാലാണ്. എല്ലാവർക്കും അറിയാവുന്ന കണക്ക് പരസ്യപ്പെടുത്തിയിട്ടുണ്ട്. ലാഭമുണ്ടാകുന്ന മുറയ്ക്ക് അത് കൊടുക്കുകയും ചെയ്യുമെന്ന് സൂചിപ്പിക്കുകയാണ്.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, കേരള ബാങ്ക് നമ്മുടെയൊരു അപ്പെക്സ് ബാങ്കായാണ് കരുതുന്നത്. സഹകരണ ബാങ്കുകളെക്കാൾ നന്നായി ജനങ്ങൾക്ക് സേവനം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്ന ബാങ്കാണ് കേരള ബാങ്ക്. അതുകൊണ്ട് സഹകരണ ബാങ്കുകളേക്കാൾ കുറഞ്ഞ നിരക്കിൽ കേരള ബാങ്ക് വായ്പ നല്കാൻ ആലോചിക്കുന്നുണ്ടോ?

<u>ശ്രീ. വി. എൻ. വാസവൻ</u>: സർ, കേരള ബാങ്കിന്റെ വായ്പയുടെ പലിശനിരക്ക് തീരുമാനിക്കുന്നതിൽ ആർ.ബി.ഐ. (റിസർവ് ബാങ്ക് ഓഫ് ഇന്ത്യ)-യ്ക്ക് ഒരു സ്ഥാനമുണ്ട്. നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നമുക്കൊന്നും ചെയ്യാൻ കഴിയില്ല. അതേസമയം കാർഷിക വായ്പകൾക്ക് പലിശ കുറച്ച് കൊടുക്കുന്നുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, സഹകരണ ബാങ്കുകളടക്കം കേരളത്തിലെ എല്ലാ ബാങ്കുകൾക്കും കോവിഡ് കാലഘട്ടത്തിൽ തിരിച്ചടവിന് മൊറട്ടോറിയം പ്രഖ്യാപിച്ചെന്ന് ഗവൺമെന്റ് പറഞ്ഞു. മൊറട്ടോറിയം ജനങ്ങൾക്ക് ഏറ്റവും വലിയ വിനയായിട്ടാണ് പിന്നീട് മാറിയത്. മൊറട്ടോറിയം കാലഘട്ടത്തിലെ തിരിച്ചടയ്ക്കേണ്ട പലിശയുടെ, പിഴപ്പലിശയോടുകൂടിയാണ് പിന്നീട് ഈടാക്കിയിട്ടുള്ളത്. കോവിഡ്

കാലഘട്ടത്തിൽ, മൊറട്ടോറിയം പ്രഖ്യാപിച്ച സാഹചര്യം കണക്കിലെടുത്ത് സഹകരണബാങ്കിൽ നിന്നുള്ള പലിശകൾക്കെങ്കിലും ഇളവ് നൽകി ജനങ്ങളെ സഹായിക്കാൻ കഴിയുമോ?

ശ്രീ. വി. എൻ. വാസവൻ: സർ, മൊറട്ടോറിയം പ്രഖ്യാപിച്ചശേഷം എല്ലാ വർഷവും ഒ.റ്റി.എസ്. (വൺ ടൈം സെറ്റിൽമെന്റ്) പ്രഖ്യാപിക്കാറുണ്ട്. ആ സന്ദർഭത്തിൽ പീനൽ ഇന്ററസ്റ്റ് പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കും. കൂടാതെ അതാത് ബാങ്കിന്റെ ഭരണസമിതികൾക്ക് അവരുടെ പലിശയിൽ എത്ര ശതമാനം വേവ് ചെയ്ത് കൊടുക്കണമെന്ന് തീരുമാനിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, സഹകരണ മേഖലയിൽ വളരെ അപകടകരമായൊരു ട്രെന്റ് വളർന്നുവരികയാണ്. കുഴപ്പം കാണിക്കുന്ന ചില സംഘങ്ങളുണ്ട്, അവരെ പിടിക്കണം. സഹകരണ ബാങ്കുകളെല്ലാം കുഴപ്പമാണെന്ന ധാരണ പരത്തുന്ന വെളിച്ചത്തിൽ നിക്ഷേപകർ ഒരു ഭാഗത്ത് നിക്ഷേപങ്ങൾ പിൻവലിച്ചുകൊണ്ടിരിക്കുകയാണ്. മറുഭാഗത്ത് സഹകരണ സ്ഥാപനങ്ങളെ കൈപ്പിടിയിലൊതുക്കാൻ വേണ്ടിയുള്ള കേന്ദ്രമന്ത്രാലയത്തിന്റെ രൂപീകരണപ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ

നടത്തുന്നു. മൂന്നാമതായി ആർ. ബി. ഐ.-യുടെ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് സഹകരണ മേഖലയുടെ കഴുത്ത് ഞെരിക്കാൻ ശ്രമിക്കുന്നു. ഇക്കാര്യത്തിൽ വളരെ വ്യക്തമായ നിലപാട് സർക്കാരിനുണ്ടാകണം. നിക്ഷേപം ആര് നടത്തിയാലും അവരുടെ നിക്ഷേപം സുരക്ഷിതമാണെന്നുള്ള ധാരണയുണ്ടാക്കണം. കള്ളനാണയങ്ങളെ കണ്ടെത്തി ശിക്ഷിക്കുകയും ചെയ്യണം. എങ്കിൽ മാത്രമേ സഹകരണ മേഖല നിലനിൽക്കുകയുള്ളൂ. ഇതിനുവേണ്ടി സർക്കാർ അടിയന്തരമായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു?

ശ്രീ. വി. എൻ. വാസവൻ: സർ, ഇന്നലെ ഡിമാന്റ് ഡിസ്കഷനിടയിൽ ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ച ചോദ്യങ്ങളുടെ മറുപടി ഞാൻ സൂചിപ്പിച്ചതായിരുന്നു. താങ്കൾ സഭയിൽ ഇല്ലാതിരുന്നതുകൊണ്ടാണ് അത് കേൾക്കാൻ സാധിക്കാത്തത്. ഇക്കാര്യത്തിൽ വ്യക്തവും ശക്തവുമായ നിലപാടുകൾ സഹകരണ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കുറ്റമറ്റ രൂപത്തിലുള്ള ആഡിറ്റ് സിസ്റ്റത്തെ സംബന്ധിച്ച് ക്രിയാത്മകമായൊരു നിർദ്ദേശം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മുന്നോട്ടുവച്ചിരുന്നു. ഞങ്ങളതനുസരിച്ച് നേരത്തെതന്നെ പ്രവർത്തനങ്ങൾ തുടങ്ങിയിരുന്നു. കുറ്റമറ്റ രൂപത്തിൽ

ആഡിറ്റ് സിസ്റ്റം, നിക്ഷേപകർക്ക് ആശങ്ക ഉണ്ടാകാത്ത രൂപത്തിൽ നിക്ഷേപ ഗ്യാരന്റി സ്കീമും പാക്കേജുമുണ്ടാക്കി, സംഭവങ്ങളുണ്ടാകുന്ന സംഘങ്ങളെ രക്ഷിക്കാനുള്ള സമീപനം, ഓരോ ബാങ്കിലെയും ക്രമക്കേടുകൾ അപ്പപ്പോൾ കണ്ടെത്തി നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുക തുടങ്ങിയ കാര്യങ്ങൾ സഭയിൽ വ്യക്തമാക്കിയിരുന്നു. രണ്ടാമത്, കേന്ദ്രസർക്കാർ ഈ രംഗത്ത് ഒരു മന്ത്രാലയം രൂപീകരിച്ചു എന്നതാണ്. ആ മന്ത്രാലയം രൂപീകരിച്ചതിനുശേഷം 97-ാം ഭരണഘടനാ ഭേദഗതിയുമായി ബന്ധപ്പെട്ട് 2011-ൽ യു.പി.എ. സർക്കാർ കൊണ്ടുവന്ന ഒരു നിയമ ഭേദഗതിയെ ഗുജറാത്ത് ഹൈക്കോടതി ചോദ്യം ചെയ്തു. ഇപ്പോൾ അതുമായി ബന്ധപ്പെട്ട് വന്ന അപ്പീലിൽ ബഹുമാനപ്പെട്ട സുപ്രീം കോടതി സുപ്രധാനമായ ഒരു വിധി പുറപ്പെടുവിച്ചപ്പോൾ ഇന്ത്യൻ ഭരണഘടനയുടെ ഏഴാം പട്ടികയിൽ 32-ാമത് എൻട്രിയിൽ കൃത്യമായും സ്റ്റേറ്റ് സബ്ജക്ടാണ് സഹകരണമെന്ന് നിർവ്വചിക്കുകയും ചെയ്യുന്നു. അതുകൊണ്ട് അക്കാര്യത്തിൽ സംശയലേശമെന്യേയുള്ള ഒരു വിധിയാണ് വന്നത്. അത് സ്വാഗതാർഹമാണ്. എന്നാൽ മൾട്ടി സ്റ്റേറ്റ് സൊസൈറ്റികൾക്ക് സംരക്ഷണം കൊടുക്കാമെന്നത് അപകടകരമായ കാര്യമാണ്. മൂന്നാംഗ

ബഞ്ചിന്റെ ഭരണഘടനാപരമായ വിധി വന്നപ്പോൾ രണ്ടംഗ ബഞ്ച് ഈ വിധിതന്നെ പറഞ്ഞു, മൂന്നാമത്തെ വിധിയിൽ ജസ്റ്റിസ് ജോസഫ്, പ്രസ്തുത രംഗത്ത് അതുകൂടി റദ്ദ് ചെയ്യുകയെന്ന നിരീക്ഷണമാണ് നടത്തിയിട്ടുള്ളത്. ഈ രംഗത്ത് മന്ത്രാലയത്തിന്റെ പ്രവർത്തനം എങ്ങനെയാണെന്ന് കണ്ടതിനുശേഷം ഭാവി പരിപാടികൾ തീരുമാനിക്കാം. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധി നമുക്ക് സ്വാഗതാർഹമാണ്. അതിന്റെയടിസ്ഥാനത്തിൽ മുന്നോട്ടുപോകാൻ കഴിയും.

<u>സമ്പദ് വ്യവസ്ഥയിൽ കോവിഡ് ഏൽപ്പിച്ച ആഘാതം</u>

5 (*305) <u>ശ്രീ. ഐ. ബി. സതീഷ്:</u>
<u>ശ്രീ. എ. സി. മൊയ്തീൻ:</u>
<u>ശ്രീ. പി. നന്ദകുമാർ:</u>
<u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് ഒന്നാം തരംഗം സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ വിവിധ മേഖലകളിൽ ഏൽപ്പിച്ച ആഘാതം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) കോവിഡ് രണ്ടാം തരംഗം വിവിധ മേഖലകളിലെ പിന്നോട്ടടിക്ക് ആക്കം വർദ്ധിപ്പിച്ചതിനാൽ സമ്പദ് വ്യവസ്ഥയുടെ പുനരുജ്ജീവനത്തിന്

രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ;

(സി) ക്രയശേഷി ശോഷണം ആഭ്യന്തരോല്പാദനത്തിൽ സൃഷ്ടിക്കുന്ന ആഘാതം പരിഹരിക്കാൻ എന്തെല്ലാം മാർഗ്ഗങ്ങളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ,

(എ) മഹാപ്രളയങ്ങളും കോവിഡും സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയിൽ വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. കോവിഡ്-19 മഹാമാരിയും ലോക്ക്ഡൗണും സംസ്ഥാന സമ്പദ്ഘടനയിൽ ചെലുത്തിയ ആഘാതം സംബന്ധിച്ച കേരള സംസ്ഥാന ആസൂത്രണ ബോർഡിന്റെ ദ്രുതഗതിയിലുള്ള വിലയിരുത്തലനുസരിച്ച് കേരള സമ്പദ് വ്യവസ്ഥയുടെ മൊത്തം മൂല്യ വർദ്ധനവില 2020-21 ഒന്നാം പാദത്തിലെ പ്രതീക്ഷിത നഷ്ടം ഏകദേശം 80,000 കോടി രൂപയാണ്. കോവിഡിനെ തുടർന്ന് രൂപീകരിച്ച വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടുകൾ പ്രകാരം 2020-21-ൽ റവന്യൂ വരുമാനത്തിൽ 33,456 കോടി രൂപയുടെ കുറവുണ്ടാകുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. കോവിഡ് മഹാമാരി സംസ്ഥാന സമ്പദ്‌വ്യവസ്ഥയിൽ സൃഷ്ടിച്ച പ്രത്യാഘാതം കാരണം കഴിഞ്ഞ വർഷം

2020-2021-ൽ നമ്മുടെ മൊത്തം സംസ്ഥാന ആഭ്യന്തര ഉത്പാദനം (GSDP) 3.82 ശതമാനം കുറയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. 2021-22-ൽ 6.60 ശതമാനം കുത്തനെയുള്ള സാമ്പത്തിക വളർച്ച വീണ്ടെടുക്കുമെന്ന് നാം പ്രതീക്ഷിച്ചിരുന്നെങ്കിലും കോവിഡ്-19 മഹാമാരിയുടെ രണ്ടാം തരംഗം ഈ പ്രതീക്ഷയ്ക്ക് ഒരു പ്രതിബന്ധമാകാൻ സാധ്യതയുണ്ട്. GSDP-യുടെ വളർച്ചയിലുള്ള മാന്ദ്യം സ്വാഭാവികമായും സംസ്ഥാനത്തിന്റെ റവന്യൂ വരുമാനങ്ങളിൽ അതിന്റെ പ്രതികൂല ഫലങ്ങൾ കൊണ്ടുവരുന്നതാണ്. 2020-21-ൽ ബഡ്ജറ്റ് എസ്റ്റിമേറ്റിൽ പ്രതീക്ഷിച്ചതിനേക്കാൾ 18.77 ശതമാനം ഇടിവ് ഇതിനകം ഉണ്ടായിട്ടുണ്ട്. 2021-22-ൽ റവന്യൂ വരുമാനത്തിൽ 40.67 ശതമാനം കുത്തനെയുള്ള വളർച്ച പ്രതീക്ഷിക്കുന്നുവെങ്കിലും ഉയർന്ന കോവിഡ്-19 കേസ്സുകൾ അനിവാര്യമാക്കിയ ലോക്ഡൗണിന്റെ അനന്തരഫലമായി ഇതിന് പ്രതിബന്ധങ്ങൾ ഉണ്ടാകാവുന്നതാണ്. അധികചെലവ് ബാധ്യതകളോടൊപ്പം സംസ്ഥാന ധനസ്ഥിതിക്ക്, ഉയർന്ന വരുമാന കമ്മിയും അതുപോലെ ധനകമ്മിയും ഉണ്ടാകാൻ സാധ്യതയുണ്ട്. വാക്സിനേഷനിലൂടെ കോവിഡ് മഹാമാരി നിയന്ത്രിക്കാൻ സാധിച്ച

കഴിഞ്ഞാൽ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി & സി) ജനങ്ങളുടെ ക്രയശേഷി വർദ്ധിപ്പിക്കുകയെന്നതാണ് നിലവിലെ സാമ്പത്തിക മാന്ദ്യത്തിനുള്ള പരിഹാരം എന്നുതന്നെയാണ് സർക്കാർ കരുതുന്നത്. അതുകൊണ്ടുതന്നെ സമ്പദ് വ്യവസ്ഥയെ പുനരുജ്ജീവിപ്പിക്കുന്നതിനായി ഹ്രസ്വകാല, ദീർഘകാല നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. ഇവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

1. കോവിഡ് രണ്ടാം തരംഗത്തിന്റെ പശ്ചാത്തലത്തിൽ ഉയർന്നുവരുന്ന ആരോഗ്യ, സാമൂഹ്യ, സാമ്പത്തിക വെല്ലുവിളികളെ നേരിടാൻ 20,000 കോടി രൂപയുടെ രണ്ടാം കോവിഡ് പാക്കേജ് ബഡ്ജറ്റിൽ വിഭാവന ചെയ്തിട്ടുണ്ട്. ആരോഗ്യ അടിയന്തരാവസ്ഥ നേരിടുന്നതിനുള്ള 2800 കോടി രൂപയും ഉപജീവനം പ്രതിസന്ധിയിലായവർക്ക് നേരിട്ട് പണം കൈയിലെത്തിക്കുന്നതിനായി 8900 കോടി രൂപയും സാമ്പത്തിക പുനരുജ്ജീവനത്തിനായി വിവിധ ലോണുകൾ, പലിശ സബ്സിഡി എന്നിവയ്ക്കായുള്ള 8300 കോടി രൂപയും ഇതിന്റെ ഭാഗമാണ്.
2. പ്രാഥമിക സഹകരണ സംഘങ്ങളെയും വാണിജ്യ ബാങ്കുകളെയും

ഉൾപ്പെടുത്തിക്കൊണ്ട് വിപുലമായ സാമ്പത്തിക പുനരുജ്ജീവന വായ്പാ പദ്ധതി ആവിഷ്കരിക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. നബാർഡിന്റെ പുനർവായ്പാ സ്കീമിന്റെ സാധ്യതയും കേന്ദ്ര സർക്കാരും റിസർവ് ബാങ്കും പ്രഖ്യാപിച്ചിട്ടുള്ള വായ്പാ പാക്കേജുകളുടെ സാധ്യതയും ഇതിനായി പരമാവധി ഉപയോഗപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

3. തൊഴിലില്ലായ്മ കാലങ്ങളായി സംസ്ഥാനം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഏർപ്പെടുത്തിയ ലോക്ക്ഡൗൺ ഈ പ്രശ്നത്തെ അതിരൂക്ഷമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ, വ്യവസായ, പരമ്പരാഗത മേഖലകളിലടക്കം കൂടുതൽ തൊഴിൽ ദിനങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതും തൊഴിൽ നൈപുണ്യം ആവശ്യമുള്ള മേഖലകളിലേയ്ക്ക് തൊഴിൽരഹിതരെയും അഭ്യസ്തവിദ്യരെയും പ്രാപ്തമാക്കുന്നതിന് ഉതകുന്ന പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതും അടക്കമുള്ള നടപടികളാണ് സർക്കാർ വിഭാവന ചെയ്തിരിക്കുന്നത്. സംസ്ഥാനത്തെ ഒരു വിജ്ഞാന സമ്പദ് വ്യവസ്ഥയാക്കി രൂപപ്പെടുത്താനും അഞ്ചുവർഷ കാലയളവിൽ

കുറഞ്ഞത് 20 ലക്ഷം പേർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനുള്ള ഡിജിറ്റൽ പ്ലാറ്റ്ഫോം രൂപീകരിക്കാനും ഉന്നത വിദ്യാഭ്യാസത്തിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുമുള്ള തീരുമാനവും അടിസ്ഥാന സൗകര്യ മേഖലയിലെ കിഫ്ബി, ആർ.കെ.ഐ. എന്നിവ മുഖാന്തരമുള്ള ഇടപെടലുകളും ആ ദിശയിലേയ്ക്കുള്ള ചുവടുവയ്പ്പാണ്.

4. തീരദേശ മേഖലയിൽ പ്രഖ്യാപിച്ച ഏതാണ്ട് 11,000 കോടി രൂപയുടെ വികസന പദ്ധതികൾ.
5. 500 കോടി രൂപയുടെ റബ്ബർ സബ്സിഡി.
6. മത്സ്യ സംസ്കരണത്തിനും മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണത്തിനുമുതകുന്ന പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പദ്ധതി.
7. കുടുംബശ്രീ വഴിയുള്ള വിവിധയിനം സാമൂഹ്യക്ഷേമ പദ്ധതികൾക്കുള്ള ഉയർന്ന ബഡ്ജറ്റ് വിഹിതം.
8. തൊഴിലുറപ്പ് പദ്ധതിയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുക. കോവിഡ് രണ്ടാം തരംഗത്തിന്റെ പ്രത്യാഘാതമനുഭവിക്കുന്ന ചെറുകിട വ്യാപാരികൾ, വ്യവസായികൾ, കൃഷിക്കാർ

എന്നിവരുൾപ്പെടെയുള്ളവർക്ക് സഹായകരമായി പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിൽ ചട്ടം 300 അനുസരിച്ച് 30.07.2021-ൽ സഭയിൽ പ്രസ്താവനയായി അവതരിപ്പിച്ച പാക്കേജ് സംബന്ധിച്ച വിശദാംശങ്ങളിൽ വ്യാപാരികൾക്കുള്ള ചില പ്രത്യേക പദ്ധതികൾ പ്രഖ്യാപിച്ചിരുന്നു. കെ.എസ്.എഫ്.ഇ., കെ.എഫ്.സി. തുടങ്ങിയവ. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ വാടക ഒഴിവാക്കിക്കൊടുക്കൽ, 4% പലിശ സർക്കാർ വഹിച്ചുകൊണ്ട് 2000 കോടി രൂപയുടെ ലോൺ വ്യാപാരികൾക്ക് അനുവദിക്കുന്നുണ്ട്. ഇലക്ട്രിസിറ്റി ബോർഡിന്റെ ഫിക്സഡ് ചാർജ് ഒഴിവാക്കിക്കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത്തരം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്.

(ശ്രീ. ഐ. ബി. സതീഷ് സീറ്റിലില്ലായിരുന്നു.)

<u>ശ്രീ. എ. സി. മൊയ്തീൻ:</u> സർ, കോവിഡ്-19 ഉണ്ടാക്കിയ വലിയ പ്രത്യാഘാതങ്ങൾ രാജ്യത്തിനാകെ ബാധകമായിട്ടുള്ളതാണ്. സെൻട്രൽ ഗവൺമെന്റ് സെസ്സ് തുടങ്ങിയ മറ്റിനങ്ങളിൽ വലിയ സംഖ്യ സംസ്ഥാനങ്ങൾക്ക് പങ്കുവയ്ക്കേണ്ടാത്ത രീതിയിൽ പിരിച്ചെടുക്കുകയും ചെയ്യുകയാണ്. സംസ്ഥാനത്തിന്റെ ഈ സാമ്പത്തിക പ്രതിസന്ധി

പരിഹരിക്കുന്നതിന് ഏതെങ്കിലും പാക്കേജ് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, ഇക്കാര്യം ചൂണ്ടിക്കാണിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേന്ദ്രഗവൺമെന്റിന് കത്തയയ്ക്കുകയും ബഹുമാനപ്പെട്ട പ്രധാനമന്ത്രിയെ ഉൾപ്പെടെ നേരിൽക്കണ്ട് കാര്യങ്ങൾ സംസാരിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യങ്ങളെ സംബന്ധിച്ച് നേരത്തെതന്നെ നമ്മൾ ആവശ്യപ്പെട്ടിട്ടുള്ളവ ഒന്നുകൂടി സജീവമായി പറയുന്നതിനുവേണ്ടി സംസ്ഥാനത്തിന്റെ പ്രതിനിധിയെന്ന നിലയിൽ ഞാൻ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയെ കണ്ട് മൊറട്ടോറിയം പോലെ ഏറ്റവും അത്യാവശ്യമുള്ള കാര്യങ്ങൾ ഉൾപ്പെടെ സംസാരിച്ചിട്ടുണ്ട്. അതിന് ഇതുവരെ അനുകൂലമായ അഭിപ്രായം ലഭിച്ചിട്ടില്ല. ചില പ്രത്യേക ബാങ്കിംഗ് പദ്ധതികളെന്നാണ് പറയുന്നത്. പ്രവാസികളുടെ കാര്യം, തോട്ടം മേഖലയുടെ കാര്യം, പരമ്പരാഗത വ്യവസായ മേഖലയിലുള്ള പ്രത്യേകതകൾ എന്നിവ ചൂണ്ടിക്കാണിച്ചുകൊണ്ടും കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയോട് സംസാരിച്ചിട്ടുണ്ട്. അതിലേയ്ക്കായും പ്രത്യേക പദ്ധതികളൊന്നും വന്നിട്ടില്ല. റബ്ബറൈസ്ഡ് റോഡ് നിർമ്മിക്കുകയാണെങ്കിൽ പത്തോ, പതിനായിരമോ

ടൺ റബ്ബർ ഉപയോഗിക്കാൻ കഴിയും. അത്തരത്തിൽ കാർഷിക ഉൽപ്പന്നങ്ങളെ കൂടുതൽ ഉപയോഗിക്കാൻ കഴിയുന്നതരത്തിലുള്ള ചില പദ്ധതികൾ വേണമെന്ന് കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുമായി സംസാരിക്കുന്ന സമയത്ത് ഉന്നയിച്ചിട്ടുണ്ട്. ഈ പ്രത്യേക സാഹചര്യത്തിൽ ആവശ്യമില്ലാത്ത നിബന്ധനകൾ ഒഴിവാക്കി സംസ്ഥാനത്തിന്റെ കടമെടുക്കാനുള്ള പരിധി വർദ്ധിപ്പിക്കണമെന്ന ആവശ്യവും ഉന്നയിച്ചിട്ടുണ്ട്. ജി.എസ്.ടി.-യുടെ ഇപ്പോൾ ലഭിക്കുന്ന കോമ്പൻസേഷൻ അഞ്ചുവർഷംകൂടി നീട്ടി തരണമെന്നുള്ള ആവശ്യംകൂടി ഉന്നയിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളെല്ലാം ഉന്നയിച്ചെങ്കിലും ഇതുവരെ അനുകൂലമായ മറുപടിയൊന്നും ലഭിച്ചിട്ടില്ല. Continuous ആയി വീണ്ടും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ എം.പി.-മാരും പാർലമെന്റിൽ ഇക്കാര്യം റിക്വസ്റ്റ് ചെയ്യണമെന്ന് കഴിഞ്ഞ എം.പി.-മാരുടെ കോൺഫറൻസിലും നമ്മൾ ആവശ്യപ്പെട്ടിട്ടുണ്ട്. അതിനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട്. അനുകൂലമായ മറുപടിയൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

<u>ശ്രീ. പി. നന്ദകുമാർ:</u> സർ, കോവിഡ് മഹാമാരിയുടെ ഈ കാലത്ത് വ്യാവസായിക-വ്യാപാര-തൊഴിൽ മേഖലകളിലെ നഷ്ടം സംബന്ധിച്ച് ഏതെങ്കിലും രൂപത്തിലുള്ള പഠനം സംഘടിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത്

ഏജൻസിയാണ് പഠനം നടത്തിയത്?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, മൂന്ന് പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതിൽ പ്ലാനിംഗ് ബോർഡ്, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ, സി.ഡി.എസ്. തുടങ്ങിയവ നടത്തിയ പഠനങ്ങളുണ്ട്. ഇതുകൂടാതെ, വീണ്ടും കോവിഡ് ശക്തമായ സാഹചര്യത്തിൽ ഇന്ത്യയിലെയും കേരളത്തിലെയും സാഹചര്യം സംബന്ധിച്ച് പഠനം നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷനുമായി സംസാരിച്ചിട്ടുണ്ട്. നേരത്തെ നടത്തിയ പഠനങ്ങളുടെ റിപ്പോർട്ടുകളെല്ലാം ലഭ്യമാണ്.

<u>ശ്രീ. കെ. പ്രേംകുമാർ</u>: സർ, നമ്മുടെ സംസ്ഥാനം രാജ്യത്തിനുതന്നെ മാതൃകയാകുന്ന നിലയിൽ കോവിഡ് വിരുദ്ധ പാക്കേജുകൾ പ്രഖ്യാപിക്കാനും ജനങ്ങളുടെ കൈകളിലേയ്ക്ക് പണമെത്തിക്കാനും ആവശ്യമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. എന്നാൽ, ഈ പ്രവർത്തനങ്ങളോടൊപ്പം സംസ്ഥാനത്തിന്റെ താല്പര്യം സംരക്ഷിക്കാനും ഫെഡറൽ മൂല്യങ്ങൾ കൃത്യമായി സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനുമാവശ്യമായ നടപടികൾ സ്വീകരിക്കാൻ, വിശേഷിച്ച്

ജി.എസ്.ടി.-യുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ വിഹിതം പ്രസ്തുത സാഹചര്യത്തിൽ വർദ്ധിപ്പിക്കുന്നതിനുള്ള ആവശ്യം ഉന്നയിച്ചിട്ടുണ്ടോ; സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഈ പാക്കേജുകളെ എങ്ങനെയാണ് നമുക്ക് കോ-ഓർഡിനേറ്റ് ചെയ്യാൻ സാധിക്കുന്നത്?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, വളരെ പ്രധാനപ്പെട്ട കാര്യമാണ് ബഹുമാനപ്പെട്ട അംഗം പറഞ്ഞത്. ഈ സാഹചര്യത്തിൽ നമ്മുടെ സംസ്ഥാനത്തിന് കിട്ടേണ്ട കാര്യങ്ങളെപ്പറ്റി നിരന്തരം ആവശ്യപ്പെടുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം കഴിഞ്ഞ ധനകാര്യ കമ്മീഷന്റെ സമയത്ത് നമ്മുടെ വരുമാനത്തിൽ വലിയതോതിലുള്ള വെട്ടിക്കുറവാണ് വന്നിട്ടുള്ളത് എന്നതാണ്. കോവിഡ് വരുന്നതിനുമുമ്പ് 2013-14 മുതൽതന്നെ നമ്മുടെ തനത് നികുതി വരുമാനം താഴേയ്ക്ക് വന്നുതുടങ്ങിയിട്ടുണ്ട്. ആഗോളതലത്തിൽ 2008-ൽ തുടങ്ങിയ സാമ്പത്തിക മാന്ദ്യത്തിന്റെ ഒരു ഇഫക്ട് കൂടിയുണ്ട്. 2013-14-ൽ ജി.എസ്.ഡി.പി.-യുടെ ഏഴ് ശതമാനമായിരുന്നു നമ്മുടെ വരുമാനം. പിന്നീട് അത് കുറഞ്ഞ് 6.5 ശതമാനമായി വന്നു. ഇതിന് പലകാരണങ്ങളുണ്ട്. ആദ്യംതന്നെ ഇന്ത്യൻ ഇക്കോണമിയുടെ നട്ടെല്ലൊടിക്കുന്ന തീരുമാനമായി വന്നത് നോട്ട് നിരോധനമാണ്.

പിന്നെയുള്ളത് വികലമായ കേന്ദ്ര ജി.എസ്.ടി. നയമാണ്. അതിന്റെ അനുഭവങ്ങൾ ഇപ്പോൾ വന്നുകൊണ്ടിരിക്കുകയാണ്. ഇന്നലെ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻതന്നെ ജി.എസ്.ടി.-യുടെ നാലുവർഷങ്ങൾ സംബന്ധിച്ച് സ്റ്റേക്ക് ഹോൾഡേഴ്സുമായി വലിയൊരു ഡിസ്കഷൻ നടത്തിയിരുന്നു. വ്യാപാരികൾ, ഉദ്യോഗസ്ഥർ, വ്യവസായികളുടെ സംഘടനകൾ തുടങ്ങി എല്ലാവരും പറയുന്നത് ജി.എസ്.ടി. വേണ്ടതരത്തിൽ നമുക്ക് ഇഫക്ടീവായി വന്നിട്ടില്ലെന്നാണ്. അതിന്റെയൊരു പ്രശ്നമുണ്ട്. പ്രളയവും കോവിഡും അടക്കമുള്ള എല്ലാ കാര്യങ്ങളും നമ്മളെ ബാധിച്ചിട്ടുണ്ട്. അതിനനുസരിച്ച് സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടാത്ത പ്രശ്നമില്ല. ജി.എസ്.ടി. കൗൺസിലിൽ കേരളം മാത്രമല്ല, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളും ഇക്കാര്യങ്ങൾ ആവശ്യപ്പെടുന്നുണ്ട്. നമ്മുടെ കോമ്പൻസേഷൻ പാക്കേജ് സംബന്ധിച്ചും ഉന്നയിച്ചിട്ടുണ്ട്. ഞാൻ നേരത്തെ ഈ സഭയിൽ പറഞ്ഞിട്ടുണ്ട്, വിൽക്കപ്പെടുന്ന വസ്തുക്കളുടെ 16 ശതമാനമായിരുന്നു ജി.എസ്.ടി. നടപ്പിലാക്കുന്നതിന് മുമ്പുള്ള ടാക്സ്. ഒരു ലക്ഷം രൂപയുടെ സാധനം വിറ്റാൽ 16,000/- രൂപ ടാക്സ് കിട്ടുന്ന സ്ഥാനത്ത് ഇപ്പോൾ അത് കുറഞ്ഞ് 11 ശതമാനത്തിൽ താഴെയായി. ഒരു ലക്ഷം

രൂപയുടെ സാധനം വിറ്റാൽ 5000 രൂപയുടെ വരുമാന നഷ്ടം ഒരു സംസ്ഥാനത്തിനുണ്ടായിട്ടുണ്ട്. ഇത് ഇന്ത്യയിലാകെ ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുള്ള അശാസ്ത്രീയമായ പല നടപടിക്രമങ്ങളും കൊണ്ടാണ്. കസ്റ്റമേഴ്സ് പണം കൊടുക്കാതിരിക്കുന്നത് കൊണ്ടല്ല. സാധാരണ സാധനങ്ങൾ വാങ്ങുന്നയാളുകൾക്ക് പണം ചെലവാകുന്നുണ്ട്. ഇങ്ങനെയുള്ള ചില പ്രശ്നങ്ങളുണ്ട്. ഇത് സജീവമായി ഉന്നയിക്കുന്നുണ്ട്. ഏറ്റവും സജീവമായി ഈ ഘട്ടത്തിൽ നമ്മൾ ഉന്നയിക്കുകയും സംസ്ഥാനങ്ങളുടെ അവകാശവും ഫെഡറൽ ഘടനയും ശക്തിപ്പെടുത്താനുള്ള ശ്രമങ്ങളുടെ ഭാഗമായി ഏറ്റവും ശക്തമായി മുന്നോട്ടുപോകുന്നതിന് നമ്മുടെ സംസ്ഥാനം മുന്നിൽത്തന്നെ നിന്ന് പ്രവർത്തിക്കും. അക്കാര്യത്തിൽ നമുക്കൊരുമിച്ച് ശക്തമായി മുന്നോട്ട് പോകേണ്ടതുണ്ട്.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്:</u> സർ, മാന്ദ്യകാലത്ത് സാമ്പത്തിക പുനരുജ്ജീവനത്തിന്റെ ഏറ്റവും നല്ല മാർഗ്ഗം ജനങ്ങളുടെ വാങ്ങൽ ശേഷി വർദ്ധിപ്പിക്കുകയെന്നുള്ളതാണ്. വാങ്ങൽശേഷി വർദ്ധിക്കണമെങ്കിൽ അവരുടെ കൈകളിലേയ്ക്ക് നേരിട്ട് പണമെത്തണം. അതിനുവേണ്ടി മറ്റ് സംസ്ഥാനങ്ങൾ ചെയ്തതുപോലെ ഒരു ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർവഴി

6,000/- രൂപ ആറ് മാസത്തേയ്ക്കെങ്കിലും നേരിട്ട് കൊടുക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: സർ, നമ്മുടെ സംസ്ഥാനം കൊടുക്കുന്നതിന്റെ അത്രയും ക്യാഷായോ ഇനമായോ ഡയറക്ട് ട്രാൻസ്ഫർ വഴി എത്തുന്ന ഒരു സ്ഥിതി ഇന്ത്യയിലെ മറ്റൊരു സംസ്ഥാനത്തും ഇല്ലായെന്ന് കഴിഞ്ഞ ദിവസം ഞാൻ മറുപടിയായി ഇവിടെ പറഞ്ഞതാണ്. ഞാൻ അത് ആവർത്തിക്കുകയാണ്. കഴിഞ്ഞ ആറേഴുവർഷമായി വരുന്ന വരുമാന നഷ്ടം ഒരു പ്രത്യേക അഡ്മിനിസ്ട്രേറ്റീവ് ലാപ്സിന്റെ ഭാഗമായല്ല. ഇന്ത്യയിലാകെയുള്ള ടാക്സിന്റെ റേറ്റ് 16 ശതമാനത്തിൽനിന്നും 11 ശതമാനമായി കുറയുന്നത് കേന്ദ്രം തീരുമാനിച്ചതിന്റെ ഭാഗമായാണ്. നമുക്ക് തീരുമാനിക്കാൻ അവകാശമില്ല, കേന്ദ്ര സർക്കാരാണ് ഇതെല്ലാം തീരുമാനിക്കുന്നത്. അങ്ങനെ തീരുമാനിച്ചതിന്റെ ഭാഗമായി ഇപ്പോൾ ലഭിക്കുന്ന ടാക്സിന്റെ 50 ശതമാനം കൂടി അധികമായി കിട്ടേണ്ടതായിരുന്നു; എന്നാൽ കിട്ടുന്നില്ല. ഇത്തരമൊരു സാഹചര്യത്തിൽ നമ്മൾ വളരെ റിയലിസ്റ്റിക്കായി കേരളത്തിലെ സാഹചര്യം മനസ്സിലാക്കണമെന്നാണ് എന്റെ അപേക്ഷ. നമ്മൾ പരമാവധി എല്ലാ മേഖലകളിലും പണമെത്തിക്കാനുള്ള ശ്രമം നടത്തുന്നുണ്ട്. അതിനാണ്

interest subvention. അത് നടപ്പിലാക്കിയെടുക്കുന്നതിന് പ്രായോഗികമായി ചില പ്രശ്നങ്ങളുണ്ട്. എങ്കിൽപ്പോലും രണ്ടുലക്ഷം രൂപ ആവശ്യമുള്ള ഒരാൾക്ക് അഞ്ച് ശതമാനമോ, നാല് ശതമാനമോ പലിശ ഒഴിവാക്കിക്കൊടുത്താൽ വളരെ ചെറിയ പലിശയ്ക്ക് സംഭവങ്ങൾ കിട്ടും. ഉദാഹരണത്തിന് കശുവണ്ടി വ്യവസായികൾ, ബസ് വ്യവസായികൾ ഉൾപ്പെടെ ഓരോ മേഖലയിൽനിന്നും വ്യവസായികൾ വന്നിരുന്നു. ചെറുകിട വ്യാപാരികൾക്കായി നമ്മൾ ഒരു പദ്ധതി പ്രഖ്യാപിച്ചു. അവരെല്ലാം പറയുന്നത് പലിശ കുറഞ്ഞ ചില പദ്ധതികൾ കിട്ടിയാൽ ഞങ്ങൾ വ്യവസായം നടത്താമെന്നാണ്. വ്യവസായ വകുപ്പുമായി സംസാരിച്ച് നമ്മൾ ചില പദ്ധതികൾക്ക് രൂപംനൽകുന്നുണ്ടെന്ന് പറഞ്ഞു. നേരത്തെതന്നെ അതുസംബന്ധിച്ച് അനൗൺസ് ചെയ്തിട്ടുണ്ട്. വ്യാപാരികൾക്കും വ്യവസായികൾക്കും പണം ഇൻവെസ്റ്റ് ചെയ്യാൻ കിട്ടിക്കഴിഞ്ഞാൽ അതിന്റെയൊരു ഇഫക്ട് വ്യവസായത്തിലേയ്ക്ക് ചെല്ലും. അതാണ് ഏറ്റവും ഇഫക്ടീവായി ചെയ്യാൻ സാധിക്കുന്ന കാര്യം. ഒരു കാര്യം കൂടിയുണ്ട്. ഇത്തരമൊരു ഘട്ടത്തിൽ ഓവർലോഡ് കാരണം ഗ്രീസും ഐസ്‌ലാൻഡും പോലുള്ള രാജ്യങ്ങളിലെ ഗവൺമെന്റ് തന്നെ ഫാൾ ചെയ്തു. ദുർബലമായ

സാമ്പത്തിക സ്ഥിതിയുള്ള സംസ്ഥാന ഗവൺമെന്റുകൾക്ക് എത്രത്തോളം ചെയ്യാൻ കഴിയുമെന്ന് ഭരണപക്ഷവും പ്രതിപക്ഷവും ഒരുമിച്ച് സംസാരിച്ച്, കേന്ദ്രനയത്തിനെതിരെ ഒരുമിച്ച് നിൽക്കേണ്ട ഒരു ഘട്ടത്തിലാണ് നമ്മൾ. ഇത് അത്യപൂർവ്വമായ ഒരു സാഹചര്യമാണ്. ആ സാഹചര്യത്തിനകത്ത് നിന്നുള്ള കാര്യങ്ങൾമാത്രമേ ചെയ്യാൻ സാധിക്കുകയുള്ളൂ. അത് പരമാവധി നമ്മൾ ചെയ്യുന്നുണ്ട്. അക്കാര്യത്തിൽ രാഷ്ട്രീയ വ്യത്യാസമോ, ഭരണ-പ്രതിപക്ഷമെന്ന വ്യത്യാസമോ ഇല്ല. സാമ്പത്തികനില വളരെ ഗുരുതരമാണെങ്കിലും ആ സാഹചര്യത്തിൽ ചെയ്യാൻ കഴിയുന്ന പരമാവധി കാര്യങ്ങളാണ് ചെയ്യാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)